## ആകെ ചോദ്യങ്ങൾ 156

**1) ഇരു സൂറത്തുകളുടെയും ആദ്യ വചനങ്ങൾ പരിശോധിച്ചു സൂറത്തു ഖസസിനോട് യോജിക്കാത്തത് കണ്ടെത്തുക**

- A. ആദ്യവചനത്തിൽ കേവലാക്ഷരങ്ങൾ ഉൾകൊള്ളുന്നു
- B. ആയാത്തുൽ കിതാബിൽ മുബീൻ
- C. ആയാത്തുൽ ഖുർആനി വ കിതാബിൻ മുബീൻ
- D.സ്പഷ്ടമായ ഗ്രന്ഥത്തിന്റെ(ലെ) വചനങ്ങൾ

**2) ഫിർഔനിനെയും അവന്റെ ആളുകളെയും അബദ്ധം പിണഞ്ഞവരായിരുന്നു എന്ന്പറഞ്ഞത് ഏത് വിഷയത്തിൽ ആയിരുന്നു ?**

- A. അല്ലാഹുവിൽ വിശ്വസിക്കാത്തത്
- B. മൂസാനബിയുടെ ദൃഷ്ടാന്തങ്ങളിൽ അവിശ്വസിച്ചത്
- C. മൂസായെ നദിയിൽ നിന്ന് കണ്ടെടുത്തത്
- D. കടൽ പിളർന്നപ്പോൾ ഇസ്രാഈല്യരെ പിൻതുടർന്നു പോയത്

**3) അമലി (عَمَل) ശൈത്താൻ എന്നത് താഴെ നൽകിയവയിൽ പാഠഭാഗത്ത് ഏതിനെ ഉദ്ദേശിച്ചാണ് വന്നിട്ടുള്ളത് ?**

- A. സൂര്യാരാധന
- B. അധികാര ദുർവിനിയോഗം
- C. സമ്പത്തിന്റെ ആധിക്യം കാരണമുള്ള അഹങ്കാരം
- D. കൊലപാതകം

**4) ആരായിരുന്നു ആ മാന്യവ്യദ്ധൻ ? (യോജിക്കാത്തത് തിരിഞ്ഞെടുക്കുക)**

- A. ശുഐബ് (അ) നബി
- B. ശുഐബു (അ) നബിയുടെ കുടുംബത്തിൽപെട്ട 'യഥിറുൻ'
- C. ലൂത്ത് (അ) നബിയുടെ സമകാലീനൻ
- D. മൂസ നബിയുടെ ഭാര്യാ പിതാവ്

**5) 'അവൻ വ്യക്ത മായി സംസാരിക്കുന്നതുമല്ല' ; ഇതുമായി ബന്ധപ്പെട്ട് ശരിയായത് തിരഞ്ഞെടുക്കുക ?**

- A. നബി(സ)യെക്കുറിച്ച് മക്കക്കാർ ആരോപിച്ചത്
- B. സുലൈമാൻ നബി (അ) ഉറുമ്പിനോട് സംസാരിച്ചതിൽ ഉൾപ്പെട്ടത്
- C. സ്വാലിഹ് നബി(അ)യെ സമൂദുകാർ കളിയാക്കിയത്
- D. ഫിർഔൻ മൂസാ (അ) നബിയെ പരിഹസിച്ചത്

**6) "താങ്കൾ പറഞ്ഞ പ്രകാരം ആണ് സ്ഥിതി എങ്കിൽ അവർക്കു താങ്കൾ ചുടു വെണ്ണീ'ർ തീറ്റിക്കുന്ന പോലെയുണ്ട്"; ഹദീസിലെ റസൂലിന്റെ ഈ പ്രസ്താവനയോട് കൂടുതൽ യോജിച്ചത് തിരഞ്ഞെടുക്കുക**

- A. തുടർച്ചായായ ഉപദ്രവം മൂലം വഹിക്കേണ്ടി വരുന്ന പാപം, അതു ചുടു വെണ്ണീ'രായി അവർക്ക് നരകത്തിൽ അനുഭവപ്പെടും
- B. ചെയ്ത ഉപകാരം എടുത്തു പറഞ്ഞു മറ്റുളവരെ ഉപദ്രവിക്കുന്നവർ വഹിക്കേണ്ട പാപവും തുടർന്നു വരുന്ന നരകവും
- C. ഉപകാരം ചെയ്തുകൊണ്ടിരിക്കുന്ന ഒരാൾ പിന്നീട്ട് ഉപദ്രവത്തിലേക്ക് മാറിയാൽ അത് അയാളുടെ പാപത്തിനും പിന്നീട് നരകത്തിനും കാരണമാകും
- D. കുടുംബത്തിന് തുടർച്ചായി ഉപകാരം ചെയ്തിട്ടും മാനിക്കാതെ അയാളോടുള്ള ബന്ധം മുറിച്ചാൽ അയാളുടെ ഉപകാരം മറ്റവരുടെ പാപത്തിന് കാരണമാകും

**7) ഖാറൂനിനെ പറ്റി നൽകിയ പ്രസ്താവനകളിൽ ആയത്തുകളിൽ നിന്നും നേർക്കുനേർ ലഭിക്കാത്തത് ഏത് ?**

- A. അലങ്കാരത്തിലായിക്കൊണ്ട് ജനങ്ങളിൽ പ്രത്യക്ഷപ്പെട്ടു
- B. ശക്തന്മാരായ ഒരു സംഘത്തിന് താക്കോലുകൾ പോലും വഹിക്കാൻ കഴിയാത്തത്ര നിക്ഷേപങ്ങൾ
- C. മൂസാ(അ)യെ ആദ്യം പിൻപറ്റിയിരുന്നു, സമ്പത്ത് വർദ്ധിച്ചപ്പോൾ ശത്രുവായിമാറി
- D. അറിവുള്ളതിനാലാണ് തനിക്കിത് നൽകപ്പെട്ടിരിക്കുന്നതെന്ന് അഹങ്കരിച്ചു

**8) ഇവ ഖുർആനിന്റെ വചനങ്ങളാകുന്നു ഈ വചന ഭാഗവുമായി ബന്ധപ്പെട്ട ചില പരാമർശങ്ങൾ താഴെ നൽകുന്നു. അവയിൽ കൂട്ടത്തിൽ പെടാത്തത് തെരഞ്ഞെടുക്കുക ?**

- A. ഇവ സുവ്യക്തമായ വേദഗ്രന്ഥത്തിന്റെ വചനങ്ങളാകുന്നു
- B. ഇവ സത്യവിശ്വാസികൾക്ക് മാർഗ്ഗദർശനമാകുന്നു
- C. ഇവ പരമകാരുണികനിൽ നിന്ന് അവതീർണമായതാണ്

- D. ഇവ സത്യവിശ്വാസികൾക്ക് സന്തോഷവാർത്തയാകുന്നു

**9) അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളുടെ ഒരു പ്രത്യേകതയായി വചനത്തിൽ നിന്ന് വായിക്കാൻ കഴിയുന്ന ഒന്നാണ് ............ ?**

- A. മനസിലേക്ക് ആഴ്ന്നിറങ്ങുന്നത്
- B. പ്രപഞ്ചത്തിൽ ഒതുങ്ങി നിൽക്കുന്നത്
- C. എല്ലാ മനുഷ്യരെയും ആകർഷിക്കുന്നത്
- D. ആളുകളുടെ കണ്ണ് തുറപ്പിക്കുന്നത്

**10) ഹുദ് ഹുദ് പക്ഷിയെ ശിക്ഷയിൽ നിന്ന് രക്ഷപ്പെടാനും കൊന്നുകളയാതിരിക്കാനും വേണ്ടി സുലൈമാൻ നബി മുന്നോട്ടു വെച്ച കാര്യം ഏതാണ് ?**

- A. നേരത്തെ എത്തിച്ചേരുക
- B. ഇനി വൈകാതിരിക്കുക
- C. കൃത്യമായ കാരണം ബോധിപ്പിക്കുക
- D. വ്യക്തമായ പ്രമാണം കൊണ്ടുവരിക

**11) നിങ്ങളുടെ സമ്മാനം മൂലം സന്തോഷം കൊള്ളുന്നു " ഇവിടെ കൊടുത്തയക്കപ്പെട്ട സമ്മാനങ്ങൾ കൊണ്ട് സന്തോഷം അനുഭവിക്കുന്നത് ആരാണ്**

- A. സുലൈമാൻ നബിയും കൂട്ടരും
- B. ബൽഖീസും കൂട്ടരും
- C. സുലൈമാൻ നബിയുടെ കുടുംബം
- D. മുകളിൽ പറഞ്ഞ എല്ലാവരും

**12) സമൂദ് ഗോത്രത്തിലേക്ക് സ്വാലിഹ് നബി വന്നപ്പോൾ ആ സമൂഹം ............. ?**

- A. അവർ അന്യോന്യം കൂട്ടം കൂടി അദ്ദേഹത്തെ ആക്രമിച്ചു
- B. അവർ അവരുടെ കക്ഷിത്തം മറന്നു ഒന്നായി
- C. അവരിലെ കുട്ടികളെ വിട്ട് പോലും അദ്ദേഹത്തെ ഉപദ്രവിച്ചു
- D. വഴക്കടിച്ചു കൊണ്ടിരിക്കുന്ന രണ്ട് കക്ഷികളായിമാറി

**13) കാമ നിവാരണത്തിന് സ്ത്രീകളെ വിട്ട് പുരുഷന്മാരുടെ അടുക്കൽ ചെല്ലുന്ന പ്രവർത്തിയെ ഖുർആൻ വിശേഷിപ്പിച്ചതാണ് ............ എന്ന് ?**

- A. സ്വവർഗരതി
- B. വിഡ്ഢിത്തം
- C. അവിവേകം
- D. അല്പത്തരം

**14) അദൃശ്യ കാര്യം അല്ലാഹുവിനല്ലാതെ മറ്റാർക്കും അറിയില്ല , എന്ന് പറഞ്ഞതിന്റെ കൂടെ തന്നെ മനുഷ്യരുടെ മറ്റൊരു അറിവില്ലായ്മയെ കൂടി അള്ളാഹു വിവരിക്കുന്നുണ്ട് ഏതാണത് ?**

- A. ആർ എവിടെ വെച്ച് മരിക്കുമെന്ന് അവർക്കറിയില്ല
- B. അന്ത്യനാൾ എപ്പോൾ സംഭവിക്കുമെന്ന് ആർക്കും അറിയില്ല
- C. ആകാശ ഭൂമികളിൽ അള്ളാഹു ഗോപ്യമാക്കി വെച്ചതിനെ അവർക്കറിയില്ല
- D. എപ്പോഴാണ് ഉയിർത്തെഴുന്നേൽപ്പ് എന്ന് അവർക്കറിയില്ല

**15) ശരിയായ പ്രസ്താവന തെരഞ്ഞെടുക്കുക**

- A. ഈസാ നബി (അ) ദൈവമാണെന്നും ദൈവ പുത്രനാണെന്നും ത്രിയേകദൈവമാണെന്നുമൊക്കെ ക്രൈസ്തവരിൽ വ്യത്യസ്ത അഭിപ്രായങ്ങൾ കാണാം
- B. ഈസാ നബി (അ) വ്യഭിചാര പുത്രനാണെന്ന് പറഞ്ഞത് ഹവാരിയുകളാണ്
- C. ഈസാ നബി (അ) ദൈവ പുത്രനാണെന്ന വാദം ക്രൈസ്തവർ ഒന്നടങ്കം അംഗീകരിക്കുന്നു
- D. ഈസാ നബി (അ) ആഭിചാരിയാണെന്ന് പറയുന്നവർ യഹൂദരിൽ പെട്ടവരല്ല

**16) താഴെ നൽകിയതിൽ ഖുർആനിക വചനനങ്ങളിൽ പരാമർശിക്കുന്ന കാര്യം ഏതാണ് ?**

- A. സൂർ എന്ന കാഹളത്തിൽ ഊതുന്ന മലക്കാണ് ഇസ് റാഫീൽ
- B. കാഹളത്തിൽ ഊതുമ്പോൾ ഭയവിഹ്വലതയും നാശവും ബാധിക്കാത്ത ചിലരുണ്ടാകും
- C. മൃഗത്തിന്റെ കൊമ്പ് പോലുള്ള ആകൃതിയുള്ളത് കൊണ്ടാണ് കാഹളത്തിന് സൂർ എന്ന് പേര് നൽകപ്പെട്ടിട്ടുള്ളത്
- D. ഭയപ്പെടുത്താനും നാശത്തിനും ഉയിർത്തെഴുന്നേൽപ്പിനും കൂടി മൊത്തത്തിൽ മൂന്ന് ഊത്താണുള്ളത്

17) താഴെ നൽകിയ കേവലാക്ഷരങ്ങളിൽ കൂട്ടത്തിൽ ഉൾപ്പെടാത്തത് ഏത് ?

A. ത്വാ ط

B. സ്വാദ് ص

C. മീം م

D. സീൻ س

18) അവർ യാഥാർത്ഥ്യം അറിഞ്ഞിരുന്നില്ല' ; എന്താണ് അവർക്കറിയാത്ത ആ യാഥാർത്ഥ്യം ?

A. ഉറുമ്പുകളിലെ ഒരു ഉറുമ്പ് സംസാരിച്ചത് സുലൈമാൻ നബി മനസിലാക്കി, മറ്റുളവർ അത് അറിഞ്ഞിരുന്നില്ല

B. ഹുദ്ഹുദ് വിവരിച്ച സബഇന്റെ വിവരണം സുലൈമാൻ നബി മനസിലാക്കി, മറ്റുളവർ അറിഞ്ഞിരുന്നില്ല

C. സുലൈമാൻ നബി മരണപ്പെട്ടു. എന്നാൽ ആ യാഥാർത്ഥ്യം അറിയാതെ പിശാചുക്കൾ ജോലി ചെയ്തു

D. നദിയിൽനിന്ന് അവർ കണ്ടെടുത്ത കുട്ടി അവർക്ക് തന്നെ നാശഹേതു ആകുമെന്ന ആ യാഥാർത്ഥ്യം

19) പാഠഭാഗത്തെ ചില ആയത്തുകൾ അവസാനിക്കുന്ന പ്രയോഗങ്ങളുടെ അർത്ഥങ്ങൾ താഴെ നൽകിയിരിക്കുന്നു. സൂറത്തുൽ ഖസസിൽ വരാത്ത പ്രയോഗമേത് ?

A. വ്യക്തമായ (സ്പഷ്ടമായ) ദുർമ്മാർഗം

B. പ്രത്യക്ഷമായ (സ്പഷ്ടമായ) ദുർമാർഗ്ഗി

C. പിഴപ്പിക്കുന്ന വ്യക്തമായ (പ്രത്യക്ഷ) ശത്രു

D. വ്യക്തമായ (സ്പഷ്ടമായ) ന്യായം

20) ഇസ്തിഹ്'യാഅ് (استحياء) എന്നത് യോജിക്കുന്നത് ആർക്കാണ് ?

A. പരിചിതരായ ആളുകൾക്ക്

B. അപരിചിതനായ ഒരു യുവാവിന്ന്

C. സുശീലയായ ഒരു യുവതിക്ക്

D. സുമുഖിയും സുന്ദരിയുമായ ഒരു യുവതിക്ക്

21) ആയത്തിന്റെ നേരിട്ടുള്ള ആശയാർത്ഥത്തിൽ വരാത്ത പ്രസ്താവനയേത് ?

A. ഞാനല്ലാതെ യാതൊരു ആരാധ്യനും നിങ്ങൾക്കുള്ളതായി ഞാൻ അറിയുന്നില്ല

B. കളിമണ്ണിൽ ഒരു ഉന്നതസൗധം എനിക്കുണ്ടാക്കുക

- C. മൂസായുടെ ഇലാഹിലേക്ക് ഞാൻ എത്തിനോക്കാം
- D. ജനങ്ങൾക്ക് ആശയക്കുഴപ്പം ഉണ്ടാക്കാൻ ഫിർഔൻ ഇങ്ങനെ തന്ത്രം പ്രയോഗിച്ചു

**22) 'നീ ഇഷ്ടപ്പെട്ടവരെ നീ നേർമാർഗ്ഗത്തിലാക്കുകയില്ല' എന്ന ആയത്തിന്റെ സന്ദർഭത്തോട് യോജിക്കാത്തത് ഏത് ?**

- A. അബൂത്വാലിബ് കലിമ ചൊല്ലി
- B. ബുഖാരി യും മുസ്‌ലിമും ഉദ്ദരിച്ചു
- C. ഖുറൈശികളുടെ പരിഹാസത്തിന് മുൻഗണന
- D.നബി(സ)ക്ക് ഖേദകരമായ സന്ദർഭം

**23) ജനങ്ങൾ അവരിലെ ഒരു ധിക്കാരിയെ ഉപദേശിച്ച നാലു കാര്യങ്ങൾ താഴെ നൽകിയിരിക്കുന്നു. ഒരേ വചനത്തിൽ വന്നിട്ടുള്ള അവയിൽ ക്രമത്തിൽ അവസാനമായി പറഞ്ഞത് ഏത് ?**

- A. ഇഹത്തിൽ നിന്നുള്ള നിന്റെ പങ്ക് നീ വിസ്മരിക്കേണ്ട
- B. അല്ലാഹു നിനക്കു നൽകിയതിൽ നീ പരലോകഭവനത്തെ തേടുക
- C. നീ നാട്ടിൽ കുഴപ്പത്തിന് മുതിരരുത്
- D. അല്ലാഹു നിനക്ക് നൻമ ചെയ്തുതന്ന പ്രകാരം നീയും നൻമ ചെയ്യുക

**24) സത്യവിശ്വാസികളുടെ വിശേഷണം പറഞ്ഞിടത്ത് പരാമർശിക്കപ്പെട്ട കാര്യം ഏതാണ് ?**

- A. നമസ്കാരം നിർവ്വഹിക്കുക
- B. സക്കാത്ത് കണക്ക് കൂട്ടുക
- C. പരലോകത്തിൽ ദൃഢമായി വിശ്വസിക്കുക
- D. ദൈവിക വചനങ്ങൾ കേട്ടാൽ അന്ധാളിച്ചു നിൽക്കുക

**25) അക്രമവും പൊങ്ങച്ചവും ഉള്ളവർ എന്ന് ഏത് നിഷേധികളെയാണ് അള്ളാഹു വിശേഷിപ്പിച്ചത് ?**

- A. ഫിർഔനിനെയും അവന്റെ ജനങ്ങളെയും
- B. സബഇലെ രാജ്ഞിയെയും അവളുടെ ജനങ്ങളെയും
- C. സമൂദിലെ ഒരു സംഘം അക്രമികളെ
- D. മോശമായ മഴ വർഷിപ്പിക്കപ്പെട്ട നാട്ടിലെ ജനങ്ങളെ

26) ഹുദ് ഹുദ് പക്ഷിയുടെ സംസാരങ്ങളിൽ ഉൾപ്പെടാത്ത പ്രസ്താവന തെരഞ്ഞെടുക്കുക ?

- A. സബഇൽ നിന്നും ദൃഢമായ വാർത്തയുമായി ഞാൻ വന്നിരിക്കുന്നു
- B. സബഇലെ രാജ്ഞിക്ക് വമ്പിച്ച ഒരു സിംഹാസനവും മനോഹരമായ ഒരു കിരീടവും ഉണ്ട്
- C. എല്ലാ വസ്തുക്കളിൽനിന്നും ആവശ്യമായത്ര അവൾക്കു നൽകപ്പെട്ടിരിക്കുന്നു
- D. സബഉകാരെ ഭരിച്ചു വരുന്ന ഒരു സ്ത്രീയെ ഞാൻ കണ്ടെത്തുകയുണ്ടായി

27) ബൽഖീസ് രാജ്ഞി കൊടുത്തയച്ച സമ്മാനം സുലൈമാൻ നബി (അ) ............. ?

- A. സ്വീകരിച്ചു കൊട്ടാരത്തിൽ സൂക്ഷിച്ചു
- B. സൈനികരോട് പരിശോധിക്കാൻ പറഞ്ഞു
- C. മൊത്തത്തിൽ വില നിശ്ചയിച്ചു
- D. ബൽഖീസിലേക്ക് തന്നെ തിരിച്ചയച്ചു

28) നന്മക്ക് മുമ്പായി തിന്മക്ക് ധൃതി കൂട്ടിയ ആളുകളാണ് .......... ?

- A. ആദ് സമൂഹം
- B. സമൂദ് സമൂഹം
- C. ഫിർഔനും ആളുകളും
- D. സദൂമിലെ നിവാസികൾ

29) പരിശുദ്ധിയോടെ നടക്കുന്ന മനുഷ്യന്മാരാണ് ഈ പ്രസ്താവനയുമായി ബന്ധപ്പെട്ട് ശരിയായ പരാമർശം ഏതെന്ന് തെരഞ്ഞെടുക്കുക ?

- A. ലൂത്ത് നബിയിൽ വിശ്വസിച്ച സജ്ജനങ്ങളെ പറ്റി അവിശ്വാസികൾ പരിഹസിച്ചു പറഞ്ഞ വാക്കുകളാണിവ
- B. ലൂത്ത് നബിയിൽ വിശ്വസിച്ച സജ്ജനങ്ങളെ പറ്റി അള്ളാഹു വിശേഷിപ്പിച്ചതാണ് ഈ വാക്കുകൾ
- C. നീച പ്രവർത്തിയിൽ ഏർപ്പെട്ട അവിശ്വാസികളെ പറ്റി അള്ളാഹു പരിഹസിച്ചു പറഞ്ഞതാണ് ഈ വാക്കുകൾ
- D. അല്ലാഹുവിന്റെ പ്രവാചകന്മാരെ പറ്റി അള്ളാഹു വിശേഷണമായി പറഞ്ഞതാണ് ഈ വാക്കുകൾ

30) അല്ലാഹുവിന്റെ മേൽ വമ്പിച്ച നുണ പറഞ്ഞവൻ ആരാണെന്നാണ് ആഇശ ബീവി (റ) പഠിപ്പിക്കുന്നത് ?

- A. മറഞ്ഞകാര്യം തനിക്ക് അറിയാമെന്ന് പറഞ്ഞു നടക്കുന്ന കാഹിൻ

- B. നാളത്തെ കാര്യം നബിക്കറിയാം എന്ന് പറയുന്നവൻ
- C. അല്ലാഹുവിന് സന്താനങ്ങൾ ഉണ്ടെന്ന് പറയുന്നവൻ
- D. നാളത്തെ കാര്യം അറിയാമെന്നു പറഞ്ഞു ഭാവി പ്രവചിച്ചു നടക്കുന്ന അർ'റാഫ്

**31) അവിശ്വാസികളെ സാദൃശ്യപെടുത്തി 'മരണപ്പെട്ടവരെ നീ കേൾപ്പിക്കുകയില്ല' എന്ന് പറഞ്ഞതു പോലെ, അല്ലാഹു ഉദ്ദരിക്കുന്ന മറ്റൊരു യാഥാർഥ്യമാണ് ......................**

- A. ബധിരന്മാർ പിന്നോക്കം തിരിഞ്ഞു പോയാൽ അവരെ നീ വിളി കേൾപ്പിക്കുന്നതല്ല
- B. അന്ധന്മാർക്ക് കാഴ്ച തിരിച്ചു നൽകാൻ നിനക്ക് സാധിക്കുന്നതല്ല
- C. അന്ധന്മാരെ വഴി കാണിച്ചു തിരിച്ചു വിളിക്കാൻ നിനക്ക് സാധ്യമല്ല
- D. നിനക്ക് ഇഷ്ടപ്പെട്ടവരെ ഹിദായത്തിലേക്ക് കൊണ്ടുവരാൻ നിനക്ക് സാധിക്കുന്നതല്ല

**32) മലകൾ സ്ഥാനം വിട്ട് ചലിക്കുമെന്ന് പറയുന്ന അധ്യായങ്ങൾക്ക് ഉദാഹരണമാണ് ................. ?**

- A. സബഅ - അഹ്ഖാഫ് - ബലദ്
- B. നബഅ - തൂർ - കഹ്ഫ്
- C. ഫത് ഹ് - റഹ് മാൻ - ഖസ്വസ്
- D. നംല് - ഖസ്വസ് - സുമർ

**33) താഴെ നൽകിയ ജോഡികളിൽ ആയത്തുകളിൽ ഒരുമിച്ച് വരാത്തത് ഏത് ?**

- A. മൂസാ വ ഫിർഔന مُوسَىٰ وَفِرْعَوْن
- B. ഫിർഔന വ ഹാമാന فِرْعَوْنَ وَهَامَان
- C. മൂസാ വ ഹാറൂന مُوسَىٰ وَهَارُون
- D. ഫിർഔന വ ഹാമാന വ ജുനൂദ فِرْعَوْنَ وَهَامَانَ وَجُنُود

**34) ഉമ്മുമൂസാ യുമായി യോജിക്കാത്തത് ഏത് ?**

- A. ഹൃദയം ശൂന്യമായത്
- B. ഹൃദയം വെളിപ്പെടുത്തി
- C. മനസ്സിന് ദാർഢ്യം
- D. വിശ്വസിക്കുന്നവരിൽപെട്ടവൾ

**35) പട്ടണത്തിന്റെ അങ്ങേ അറ്റത്തുനിന്ന് ഓടിവന്നത് ആരായിരുന്നു ?**

- A. ഇസ്രാഈല്യരിൽ പെട്ട ഒരു പുരുഷൻ
- B. ഹാമാനിന്റെ ഒരു ബന്ധുവാണെന്ന് അഭിപ്രായമുണ്ട്
- C. മൂസാ നബിയുടെ ഒരു ഗുണകാംക്ഷി
- D. മുകളിൽ നല്കിയ വിശേഷണങ്ങൾ എല്ലാം അയാളോട് യോജിക്കുന്നു

**36) കൂലിവേലക്കു വെക്കുന്നവരിൽ ഉണ്ടാകേണ്ട പ്രധാന ഗുണങ്ങളായി ആയത്തിൽ വന്നത് ...........**

- A. അമീൻ, സ്വിദീഖ്
- B. സ്വിദീഖ്, കരീം
- C. ഖവിയ്യ്, അമീൻ
- D. അമീൻ, കരീം, സ്വാലിഹ്

**37) നരകത്തിലേക്കു വിളിക്കുന്ന നേതാക്കൾ ആക്കിയെന്ന് ആയത്തിൽ പറഞ്ഞിട്ടുള്ളത് ആരെയാണ് ?**

- A. സമൂദു കാരിലെ നീചകൃത്യങ്ങൾക്ക് നേതൃത്വം നൽകിയ ഒമ്പതാളുകളുടെ ആ സംഘം
- B. ലൂത്തിന്റെ ജനതയിലെ നീച കൃത്യങ്ങൾക്ക് നേതൃത്വം നൽകിയവർ
- C. ഫിർഔനും കൂട്ടരും
- D. എല്ലാം ശരിയാണ്

**38) വാക്കിന്നവകാശപ്പെട്ടവർ അല്ലാഹുവിനോട് പറയുന്നത് ആയത്തിൽ വിശദമായി വന്നിട്ടുണ്ട്. താഴെ നൽകിയവയിൽ അവരുടെ പ്രസ്താവനയല്ലാത്തത് ഏത് ?**

- A. ഞങ്ങൾ നിന്നെ ആരാധിച്ചു വരികയായിരുന്നില്ല
- B. ഞങ്ങൾ വഴി തെറ്റിയതുപോലെ അവരെയും ഞങ്ങൾ വഴി തെറ്റിച്ചു
- C. ഞങ്ങൾ വഴിതെറ്റിച്ചവർ ഇക്കൂട്ടരാണ്
- D. ഞങ്ങൾ നിന്റെ അടുക്കൽ ഉത്തരവാദിത്വം ഒഴിഞ്ഞു

**39) ഖാറൂനിനോട് ജനങ്ങൾ ചെയ്യരുത് എന്ന് പറഞ്ഞ പ്രയോഗങ്ങളിൽ ഉൾപെടാത്തത് ഏത് ?**

- A. لَا تَفْرَح
- B. لَا تَنسَ نَصِيبَكَ مِنَ ٱلدُّنْيَ
- C. لَا تَبْغِ ٱلْفَسَاد فِى ٱلْأَرْض

- D. لَا يُحِبُّ ٱلْمُفْسِدِينَ

**40) ആർക്കാണ് അല്ലാഹു തങ്ങളുടെ പ്രവർത്തികൾ ഭംഗിയായി കാണിച്ചു കൊടുത്തിട്ടുള്ളത് ?**

- A. പരലോക കാര്യത്തിൽ അന്ധാളിച്ചു പോയവർക്ക്
- B. ഇഹലോക ജീവിതം നഷ്ടത്തിൽ ആയവർക്ക്
- C. കഠിന ശിക്ഷക്ക് വിധേയമായവർക്ക്
- D. പരലോകത്തിൽ വിശ്വസിക്കാത്തവർക്ക്

**41) മിക്കവരേക്കാളും ഞങ്ങൾക്ക് ശ്രേഷ്ഠത നൽകിയ അല്ലാഹുവിന് സർവ്വസ്തുതിയും. ഇത് ആരുടെ സംസാരമായിട്ടാണ് ഖുർആനിൽ പ്രതിപാദിക്കുന്നത് ?**

- A. മൂസാ നബിയുടെയും ഹാറൂൻ നബിടെയും
- B. ലൂത്ത് നബിടെയും ഇബ്രാഹിം നബിടെയും
- C. സ്വാലിഹ് നബിടെയും ഹൂദ് നബിടെയും
- D. ദാവൂദ് നബിടെയും സുലൈമാൻ നബിടെയും

**42) സദ്ദ് മആരിബ് അണക്കെട്ടിന്റെ നിർമ്മാതാവ് ആര് ?**

- A. ബൽഖീസ്
- B. സബഉബ്നു യെശ്ജഅ
- C. തുബ്ബഉ രാജാക്കൾ
- D. അബ്സീനിയക്കാർ

**43) ജിന്നുകളിലെ മല്ലന്റെ വിശേഷണത്തിൽ പെട്ടതാണ് ........... ?**

- A. ഇഫ് രീത്ത്
- B. കഴിവുള്ളവൻ, വിശ്വസ്തൻ
- C. അനാശ്രയൻ, മല്ലൻ
- D. വലിയവൻ, കഴിവുള്ളവൻ

**44) ഞങ്ങൾ ശകുന പ്പിഴയിലായിരിക്കുന്നു എന്ന് പറഞ്ഞവരോട് അല്ലാഹുവിന്റെ പ്രവാചകൻ നൽകിയ മറുപടി എന്തായിരുന്നു ?**

- A. നിങ്ങളുടെ ശകുന പ്പിഴ നിങ്ങൾ തന്നെയാണ്
- B. നിങ്ങൾ ശകുന പ്പിഴയിൽ വിശ്വസിക്കുന്നുവരോ
- C. ശകുന പ്പിഴയിൽ വിശ്വസിക്കുന്നവർ വിശ്വാസികളല്ല
- D. നിങ്ങളുടെ ശകുന പ്പിഴവ് അല്ലാഹുവിങ്കലത്രെ

**45) ലൂത്ത് നബിയെ നാട്ടിൽ നിന്ന് പുറത്താക്കണമെന്ന് പറഞ്ഞത് ആരാണ് ?**

- A. ഒൻപത് അംഗ സംഘത്തിലെ തലവൻ
- B. ഒൻപത് അംഗ സംഘത്തിലെ എല്ലാവരും
- C. നാട്ടിലെ തെമ്മാടികളായ ജനത
- D. ലൂത്ത് നബിയുടെ ഭാര്യ

**46) അവിശ്വാസികളെ 'പരിഹസിച്ചു' കൊണ്ട് അല്ലാഹു പറഞ്ഞ വാക്കുകളാണ് ................. ?**

- A. അവർ ശരിക്കും കാര്യങ്ങളെ അറിയാത്തവരാണ്
- B. അവരുടെ കണ്ണുകൾക്ക് മാത്രമല്ല അന്ധത ബാധിച്ചിട്ടുള്ളത്
- C. പരലോകത്തെ കുറിച്ച് അവർ പൂർണ അറിവുള്ളവരാണ്
- D. അവരുടെ കണ്ണുകളും കാതുകളും ഭദ്രമായ മൂടികളിലാണ്

**47) യാഥാർഥ്യത്തെ പറ്റി ചിന്തിച്ചു നോക്കാനും ലക്ഷ്യങ്ങളും ന്യായങ്ങളും കണ്ടോ കേട്ടോ ഗ്രഹിക്കാനും തയ്യാറില്ലാത്ത അവിശ്വാസികളെ ഉപമിച്ചത് എന്തിനോടാണ് ? തെറ്റായ ഉത്തരം തെരഞ്ഞെടുക്കുക**

- A. മരണപ്പെട്ടു കിടക്കുന്ന ശവങ്ങളോട്
- B. ഒന്നും കേൾക്കാത്ത മൂകരോട്
- C. അന്ധന്മാരോട്
- D. ബധിരന്മാരോട്

**48) നന്മ ചെയ്തവന്റെയും തിന്മ ചെയ്തവന്റെയും പ്രതിഫലത്തെ പറ്റി ഖുർആൻ പറയുന്നതിനോട് യോജിക്കാത്ത പരാമർശമാണ് ................. ?**

- A. തിന്മയുമായി വരുന്നവർ മുഖങ്ങൾ കുത്തിക്കൊണ്ടായിരിക്കും നരകത്തിൽ പ്രവേശിക്കുക
- B. നന്മയുമായി വരുന്നവർ പരലോക ദിവസത്തിലെ ഭയ വിഹ്വലതയിൽ നിന്നും നിർഭയമായിരിക്കും

- C. നന്മയുമായി വരുന്നവന് അതിന്റെ പത്തിരട്ടിയും തിന്മയുമായി വരുന്നവന് അതിന്റെ അത്രയുമായിരിക്കും പ്രതിഫലം ലഭിക്കുക

- D. ധാരാളം നന്മയുമായി വരുന്നവന് എത്ര തന്നെ തിന്മകൾ ഉണ്ടായിരുന്നാലും അതെല്ലാം അവൻ ചെയ്ത നന്മകൾ കാരണം നിഷ്ഫലമാകുന്നതാണ്

**49) വിശ്വസിക്കുന്ന ഒരു ജനതക്കു വേണ്ടി വേണ്ടി ഓതി തരുന്നു എന്നു അല്ലാഹു പറഞ്ഞത് എന്തുകൊണ്ടാണ് ?**

- A. വിശ്വസിക്കാൻ തയ്യാറില്ലാത്ത ആളുകൾക്കും അതുകൊണ്ട് പ്രയോജനമുണ്ടാകുന്നു
- B. ഉപദേശം കേട്ട് മനസിലാക്കാനും ആയത്തുകൾ ആലോചിച്ച് പഠിക്കാനും മിനക്കെടുന്നത് വിശ്വസികളാണ്
- C. ആരെയും വിശ്വസിപ്പിക്കാൻ അതിലെ വചനങ്ങളുടെ മാസ്മരികത കൊണ്ട് സാധിക്കുന്നു
- D. വിശ്വസിക്കാൻ തയ്യാറില്ലാത്ത ജനതയെ അതിലെ ആയത്തുകൾ സ്വാധീനിച്ചേക്കാം എന്നതിനാൽ

**50) 'നീ അവനു പിന്നാലെ ചെന്നന്വേഷിക്കുക '; 'നിങ്ങൾക്കുവേണ്ടി ഇവനെ ഏറ്റെടുക്കുന്ന ഒരു വീട്ടുകാരെ ക്കുറിച്ച് നിങ്ങൾക്ക് ഞാൻ അറിവു തരട്ടെയോ?' . ഈ രണ്ടു വാക്യങ്ങളും യഥാക്രമം പറഞ്ഞത് ആരെല്ലാം ?**

- A. മാതാവിന്റെ സഹോദരി, മൂസായുടെ സഹോദരി
- B. മൂസായുടെ സഹോദരി, മൂസായുടെ മാതാവ്
- C. ഉമ്മുമൂസാ, മൂസായുടെ സഹോദരി
- D. ഉഖ്തി മൂസാ, ഉമ്മുമൂസാ

**51) താഴെ നല്കിയവയിൽ മൂന്നെണ്ണം മൂസയുടെ മാതാവിന്റേതായി പരാമർശിച്ചിട്ടുണ്ട്. അവയിൽ ഉൾപെടാത്തത് ഏത് ?**

- A. ഹൃദയം
- B. മനസ്സ്
- C. കണ്ണ്
- D. നാവ്

**52) ബൽഖീസിന്റെ സിംഹാസനം കൊണ്ടുവരാൻ തയ്യാറായികൊണ്ട് മുന്നോട്ട് വന്ന ജിന്ന് വർഗ്ഗത്തിൽ പെട്ട ഇഫ്രീത്തിന്റെയും, മൂസാ (അ) യെ ശുപാർശ ചെയ്ത മാന്യവൃദ്ധന്റെ മകളുടെയും പ്രസ്താവനകളിൽ യോജിക്കുന്ന രണ്ടു വിശേഷണങ്ങളാണ് ............**

- A. കഠിനമായവനും അടുപ്പമുള്ളവനും
- B. ശക്തിയുള്ളവനും വിശ്വസ്തനും

C. കഴിവുള്ളവനും ഖ്യാതിയുള്ളവനും

D. ധീരനും തന്റേടമുള്ളവനും

**53) താഴെ നൽകിയവയിൽ ഫിർഔനും കൂട്ടരെയും കുറിച്ച് പറഞ്ഞിട്ടുള്ള വിശേഷണങ്ങളിൽ ഉൾപെടാത്തത് ഏത് ?**

A. അന്ത്യനാളിൽ വഷളാ ക്കപ്പെട്ടവർ

B. അന്ത്യനാളിൽ സഹായം ലഭിക്കാത്തവർ

C. ഇഹലോകത്ത് ശകുനപ്പിഴവിലായവർ

D. ഇഹലോകത്ത് ശാപം അനുഗമിച്ചവർ

**54) താഴെ നൽകിയവയിൽ ആയത്തിന്റെ ഭാഗമായി വരുന്നത് ഏതാണ് ?**

A. ഇക്കൂട്ടരാണ് അവർ, അവർ ഞങ്ങളെയും ഞങ്ങൾ അവരെയും വഴി തെറ്റിച്ചു. ഇരുകൂട്ടരും പിഴച്ചുപോയി

B. ഞങ്ങളെ വഴി തെറ്റിച്ചിട്ടുള്ളവർ ഇക്കൂട്ടരാണ്, അവർ വഴി തെറ്റിയതു പോലെ ഞങ്ങളെയും അവർ വഴിതെറ്റിച്ചതാണ്.

C. ഞങ്ങൾ വഴി വഴിതെറ്റിച്ചവർ ഇക്കൂട്ടരാണ്, ഞങ്ങൾ വഴി തെറ്റിയതു പോലെ അവരെയും ഞങ്ങൾ വഴി തെറ്റിച്ചു

D. ഇക്കൂട്ടരും ഞങ്ങളും വഴി തെറ്റിയവർ തന്നെ. ഇക്കൂട്ടരെ സംബന്ധിച്ച് നിന്നിലേക്ക് ഞങ്ങൾ ഉത്തരവാദിത്വം ഒഴിഞ്ഞു

**55) മൂസാ (അ) നബിയുടെ കടുത്ത ശത്രുക്കളിൽ ഒരു പ്രധാനിയായിരുന്നു ഖാറൂൻ എന്ന് മനസിലാക്കി തരുന്ന വചന ഭാഗമേത് ?**

A. ഖാറൂൻ മൂസായുടെ ജനതയിൽപെട്ടവനായിരുന്നു

B. അവൻ അവരുടെ (ഇസ്രായീല്യരുടെ) മേൽ ധിക്കാരം കാണിച്ചു

C. ആഡംബരത്തിലായി കൊണ്ട് അവൻ തന്റെ ജനങ്ങളിൽ (ഇസ്രായീല്യരിൽ ) പ്രത്യക്ഷപ്പെട്ടു

D. ഖാറൂനെയും ഫിർഔനെയും ഹാമാനെയും ഓർക്കുക

**56) മൂസാ നബി (അ) തന്റെ വീട്ടുകാരോട് പറഞ്ഞ വാക്കുകൾ എന്താണ് ?**

A. ഞാനൊരു തീ കണ്ടിരിക്കുന്നു, നമുക്ക് അതിനടുത്തേക്ക് പോകാം

B. നിങ്ങൾ ഇവിടെ നിൽക്കുക ഞാനൊരു തീ ദർശിച്ചിരിക്കുന്നു

C. ഞാനൊരു തീ കണ്ടിരിക്കുന്നു അതിൽ നിന്ന് നമ്മുടെ പന്തം കത്തിച്ചെടുക്കാം

- D. നിങ്ങൾ ഇവിടെ നിൽക്കുക ഞാനൊരു വർത്തമാനം കേട്ടിരിക്കുന്നു

**57) സുലൈമാൻ നബിയേക്കാൾ ഇബാദത്തിൽ മുഴുകിയ ആളും അല്ലാഹുവിനോട് കൂടുതൽ നന്ദിയുള്ള ആളുമായിരുന്നു ദാവൂദ് നബി. ഇപ്രകാരം അഭിപ്രായപ്പെട്ടത് ആരാണ് ?**

- A. ഇബ്നു മസ്ഊദ് (റ)
- B. മുഖാത്തിൽ (റ)
- C. മുജാഹിദ് (റ)
- D. ഖത്താദ (റ)

**58) കൂട്ടത്തിൽ ഉൾപ്പെടാത്തത് ഏതാണ് ?**

- A. ബാബുൽ മൻദബ്
- B. അബ്സീനിയ
- C. യെമൻ
- D. ബിഇറുൽ ഹംറ്

**59) വേദത്തിൽ നിന്ന് ജ്ഞാനം നല്കപ്പെട്ടവൻ എന്നതിന്റെ വിശദീകരണത്തിൽ ഉൾപ്പെടാത്തത് ഏതാണ് ?**

- A. അത് സുലൈമാൻ നബി തന്നെയായിരുന്നു
- B. സുലൈമാൻ നബിയുടെ മന്ത്രിയായിരുന്നു
- C. ഇഫ് രീത്ത് തന്നെയായിരുന്നു
- D. ജിബ് രീൽ എന്ന മലക്കായിരുന്നു

**60) 'നീ ദൈവ ദൂതന്മാരിൽ പെട്ടവൻ ആണെങ്കിൽ, ഞങ്ങളോട് നീ താക്കീത് ചെയ്യുന്ന ആ ശിക്ഷ കൊണ്ടുവാ' ഇപ്രകാരം പറഞ്ഞത് ഏത് ജനതയാണ് ? ഏത് പ്രവാചകനോടാണ് ?**

- A. സദൂ ജനത ലൂത്ത് നബിയോട്
- B. മക്കാ ഖുറൈശികൾ മുഹമ്മദ് നബിയോട്
- C. ഫിർഔൻ മൂസാ നബിയോട്
- D. സമൂദ് ഗോത്രം സ്വാലിഹ് നബിയോട്

**61) താഴെ നൽകിയതിൽ ആയത്തിൽ പരാമർശിക്കാത്ത ഭാഗമേത് ?**

- A. ആകാശത്ത് നിന്ന് ഇറക്കിയ ജലം കൊണ്ട് അള്ളാഹു അഴകുള്ള തോപ്പുകളെ സൃഷ്ടിച്ചു

- B. ഭൂമിയെ ഒരു ഭവനമാക്കി അതിനിടയിൽ കൂടി നദികളുണ്ടാക്കുകയും അതിന് ആണികളെ ഉണ്ടാക്കുകയും ചെയ്തു
- C. രണ്ട് സമുദ്രങ്ങൾക്കിടയിൽ ഒരു തടസം ഏർപ്പെടുത്തി
- D. ആകാശങ്ങളെയും ഭൂമിയെയും സൃഷ്ടിച്ചു അവയിൽ വൃക്ഷങ്ങൾ ഉൽപാദിപ്പിച്ചു അവയ്ക്ക് സംരക്ഷണം ഏർപ്പെടുത്തുകയും ചെയ്തു

**62) പാഠഭാഗത്തെ ഒരു വചനത്തിൽ അവിശ്വാസികളുമായി ബന്ധപ്പെട്ട പരാമർശങ്ങളെ വായിക്കുമ്പോൾ കൂട്ടത്തിൽ പെടാത്തത് ഏതാണ് ?**

- A. അന്ധന്മാർ
- B. സംശയാലുക്കൾ
- C. അറിവ് പൂർണത പ്രാപിച്ചവർ
- D. തന്ത്രശാലികൾ

**63) തിരുമേനിയിൽ നിന്ന് ഞാനൊരു വർത്തമാനം പഠിച്ചു വെച്ചിട്ടുണ്ട്, പിന്നെ ഇത് വരെയും ഞാനത് വിസ്മരിച്ചിട്ടില്ല ഈ വാക്കുകൾ ആരുടേതാണ് ?**

- A. അബ്ദുല്ലാഹിബ്നു മസ്ഊദ്
- B. അബ്ദുല്ലാഹിബ്നു അബ്ബാസ്
- C. അബ്ദുല്ലാഹിബ്നു ഉമർ
- D. അബ്ദുല്ലാഹിബ്നു സുബൈർ

**64) അല്ലാഹുവിന്റെ പ്രവാചകനോട് അള്ളാഹു കല്പിച്ചിട്ടുള്ള ഏതാനും കാര്യങ്ങളിൽ പെട്ട ഒന്നാണ് ............. ?**

- A. മക്കാ രാജ്യത്തെ ആരാധിക്കാൻ
- B. പിറന്ന നാടിനെ അലംഘനീയമാക്കാൻ
- C. ഖുർആൻ പാരായണം പതുക്കെയാക്കാൻ
- D. മുസ്‌ലിംകളിൽ പെട്ടവനായിരിക്കാൻ

**65) ഇസ്രായില്യരെ മൃഗതുല്യരായി കാണാനും അവരെ മർദ്ദിക്കാനും അവരിലെ ആൺകുട്ടികളെ കൊല്ലാൻ വരെ ഖിബ്ത്തികളെ പ്രേരിപ്പിച്ച കാരണങ്ങളിൽ ഉൾപെടാത്തത് ഏത് ?**

- A. ഇസ്രാഈല്യരുടെ സംഖ്യാ വർദ്ധനവ് ഖിബ്ത്തികളെ ഭയപ്പെടുത്തി
- B. ഖിബ്ത്തികളുടെ ഭരണം നഷ്ടപ്പെടാൻ ഇസ്രാഈല്യർ കാരണമായേക്കുമെന്നവർ പേടിച്ചു

- C. ഖിബ്ത്തികളേക്കാൾ വ്യത്യസ്തമായ മത ആചാരങ്ങളും സംസ്കാര പാരമ്പര്യവും ആയിരുന്നു ഇസ്രാഈല്യർക്കുള്ളത്
- D. ഇസ്രാഈല്യരിലെ പുരുഷന്മാർക്ക് കൂടുതൽ ശാരീരിക ക്ഷമതയും ശക്തിയുമുള്ളത് ഖിബ്ത്തികളെ ഭയപ്പെടുത്തി

### 66) വ ഹർറംമ്നാ അലയ്ഹി (അവന് നിരോധിച്ചു) ; എന്താണ് അവനു ഹറാമാക്കി എന്ന് പറഞ്ഞത് ?

- A. ദുർനടപ്പുകാരികളായ സ്ത്രീകളെ
- B. മുശ്'രിക്കുകളായ സ്ത്രീകളെ
- C. മുലകൊടുക്കുന്ന സ്ത്രീകളെ
- D. എ യും ബി യും ശരിയാണ്

### 67) മദ്യന്റെ നേരെ യാത്ര തിരിച്ചപ്പോൾ മൂസാ (അ) പറഞ്ഞതെന്തായിരുന്നു ?

- A. എന്റെ റബ്ബ് എന്നെ സന്മാർഗ്ഗത്തിലേക്ക് നയിച്ചേക്കാം
- B. എന്റെ റബ്ബ് എന്നെ ശരിയായ മാർഗ്ഗത്തിൽ നയിച്ചു തന്നേക്കാം
- C. എന്റെ റബ്ബേ, എന്നെ ചൊവ്വായ പാതയിൽ നയിക്കേണമേ
- D. നിശ്ചയമായും എന്റെ റബ്ബ് എന്നെ നേർവഴിയിൽ ആക്കിയിട്ടുണ്ട്

### 68) താഴെ നൽകിയവയിൽ ഒന്ന് മറ്റുള്ളവയോട് യോജിക്കുന്നില്ല. യോജിക്കാത്തത് തിരഞ്ഞെടുക്കുക.

- A. മൂന്നിൽ ഒരാൾ
- B. എട്ട് അല്ലെങ്കിൽ പത്ത്
- C. രണ്ടു കാലാവധികൾ
- D. മൂസായും വൃദ്ധനും

### 69) വേദഗ്രന്ഥം ഇറക്കിയതിന്റെ ഉദ്ദേശ്യങ്ങൾ 3 കാര്യങ്ങൾ അല്ലാഹു വചനത്തിൽ പ്രസ്താവിക്കുന്നു. അവയിൽ പെടാത്തത് ഏത് ?

- A. അന്തർബോധം
- B. മാർഗ്ഗദർശനം
- C. താക്കീത്
- D. കാരുണ്യം

70) 'നിങ്ങളുടെ പങ്കുകാരെ വിളിക്കുവിൻ' എന്ന് കൽപിക്കപ്പെടുമ്പോൾ മഹ്ശറ സദസ്സിൽ നടക്കുന്നത് എന്തായിരിക്കും ?

- A. അവർ വിളിച്ചു നോക്കും, സ്വയം രക്ഷപെടാൻ ആരാധ്യന്മാർ അവരോട് പറയും
- B. അവർ തല താഴ്ത്തി ഒന്നും ഉരിയാടാതെ നിൽക്കും
- C. അവർ ആരാധ്യന്മാരെ വിളിക്കും, അവർ ഉത്തരം നൽകും. പിന്നീട് ഉത്തരവാദിത്വം ഒഴിയും
- D. അവർ ആ ആരാധ്യന്മാരെ വിളിച്ചു നോക്കും, എന്നാൽ അവർ ഉത്തരം നൽകുന്നതല്ല

71) ഖാറൂനെക്കുറിച്ച് താഴെ നൽകിയവയിൽ തെറ്റായ പരാമർശം ഏതാണ് ?

- A. തന്റെ യോഗ്യത കൊണ്ടാണ് സമ്പത്തു ലഭിച്ചതെന്ന് അവൻ വിചാരിച്ചു
- B. പരലോക കാര്യങ്ങളിൽ അവൻ ശ്രദ്ധ പതിപ്പിച്ചില്ല
- C. അല്ലാഹുവിനെ ധിക്കരിച്ച ശക്തന്മാരായ മുൻഗാമികൾ ശിക്ഷിക്കപ്പെട്ടത് അവന് അറിവില്ലായിരുന്നു
- D. സദുപദേശം സ്വീകരിക്കാൻ അവൻ തയ്യാറായില്ല, അഹങ്കാരത്തോടെ തന്റെ പ്രവൃത്തിയെ ന്യായീകരിച്ചു

72) ഈ തീയിൽ ഉള്ളവരും അതിന്റെ പരിസരത്തുള്ള വരും അനുഗ്രഹിക്കപ്പെട്ടിരിക്കുന്നു ഇവിടെ പരാമർശിപ്പിക്കപ്പെട്ട അനുഗ്രഹിക്കപ്പെട്ടവരിൽ ഉൾപ്പെടാത്തത് ഏത്

- A. ഈജിപ്തിൽ നിന്നും മൂസാ(അ)യുടെ കൂടെ പുറപ്പെട്ടു വന്നവർ
- B. സീന താഴ് വരയിൽ സന്നിഹിതരായ മലക്കുകൾ
- C. ശാം ഫലസ്തീൻ ദേശത്തുള്ളവർ
- D. മൂസാ നബി (അ)

73) മരം കൊത്തിയെ ഒരു ദിവസം കാണാതായതുമായി ബന്ധപ്പെട്ട് ഇബ്നു അബ്ബാസ്(റ) നൽകുന്ന വ്യാഖ്യാനം എന്താണ് ?

- A. സൈന്യത്തെ യുദ്ധത്തിന് വേണ്ടി ഒരുക്കുന്ന ഘട്ടത്തിലാണ് ഹുദ്ഹുദ് സ്ഥലത്തില്ല എന്ന് സുലൈമാൻ നബിക്ക് ബോധ്യപ്പെടുന്നത്
- B. ശത്രുക്കളാൽ തടഞ്ഞു വെക്കപ്പെട്ടതിന്റെ പേരിലാണ് ഒരു ദിവസം ഹുദ്ഹുദ് നേരം വൈകിയെത്തിയത്
- C. ഭൂമിക്കടിയിലെ വെള്ളം പരിശോധിക്കാൻ ഹുദ്ഹുദിനെ അന്വേഷിച്ചപ്പോഴാണ് ഹുദ്ഹുദ് സ്ഥലത്ത് ഇല്ലാത്ത വിവരം സുലൈമാൻ നബി അറിയുന്നത്
- D. സബഇലെ വാർത്തക്ക് വേണ്ടി കാത്തിരുന്നതിനാലാണ് ഹുദ്ഹുദ് സൈന്യത്തിലേക്ക് എത്താൻ വൈകിയത്

74) " അർശുൻ അളീം " ഈ വാക്യവുമായി ബന്ധപ്പെട്ട് താഴെ നൽകിയതിൽ ശരിയായത് ഏതാണ് ?

- A. അല്ലാഹുവിന്റെ സിംഹാസനത്തെയാണ് ഇത് കൊണ്ട് ഉദ്ദേശിക്കുന്നത്

- B. ബൽഖീസിന്റെ സിംഹാസനത്തെയാണ് ഇങ്ങനെ വിശേഷിപ്പിച്ചിട്ടുള്ളത്
- C. സുലൈമാൻ നബിയുടെ സിംഹാസനത്തിനാണ് ഈ വിശേഷണം നൽകിയിട്ടുള്ളത്
- D. എ യും ബി യും ശരിയാണ്

**75) വേദഗ്രന്ഥത്തിൽനിന്നു ഒരു അറിവുള്ളവൻ എന്ന് പരാമർശവുമായി ബന്ധപ്പെട്ട് ശരിയായ പ്രസ്താവന ഏതാണ് ?**

- A. ഉലുൽ അസ്മിൽ പെട്ട പ്രവാചകന്മാർക്ക് നൽകുന്ന ദിവ്യഗ്രന്ഥം
- B. അവസാനത്തെ പ്രവാചകന് നൽകിയ വേദഗ്രന്ഥം
- C. സുലൈമാൻ നബിക്ക് നൽകിയ വേദഗ്രന്ഥം
- D. ജിന്ന് വർഗത്തിന് മാത്രമായി നല്കപ്പെട്ട വേദഗ്രന്ഥം

**76) നഗരത്തിലെ ഒൻപത് ആളുകളുടെ പ്രത്യേകത പറഞ്ഞിടത്ത് പരാമർശിക്കാത്ത കാര്യമാണ് ................. ?**

- A. അവർ നഗര മധ്യത്തിൽ നിലയുറപ്പിച്ചവരായിരുന്നു
- B. അവർ ഒരു സംഘമായിരുന്നു
- C. അവർ നാട്ടിൽ കുഴപ്പം ഉണ്ടാക്കുകയായിരുന്നു
- D. അവർ നാട്ടിൽ നന്മ ഉണ്ടാക്കാത്തവരായിരുന്നു

**77) സമപ്പെടുത്തുന്ന ജനത എന്ന് അർത്ഥം ലഭിക്കാവുന്ന അതേ പദങ്ങളെ കൊണ്ട് ലഭിക്കുന്ന മറ്റൊരു അർത്ഥമാണ് ................ ?**

- A. തെറ്റിപ്പോകുന്ന ജനത
- B. നീതി പാലിക്കുന്നവർ
- C. ശരിയായി നില കൊള്ളുന്നവർ
- D. അനങ്ങാതെ നിലകൊള്ളുന്നവർ

**78) അവിശ്വാസികളുടെ അറിവ് പരിപൂർണത പ്രാപിച്ചു എന്ന് പറഞ്ഞാൽ ആശയമാക്കുന്നത് ............. ?**

- A. പുരോഗതിയില്ലാതെ വളർച്ചമുട്ടി നാശപ്രായമായിരിക്കുന്നു എന്നാണ്
- B. അവർ സത്യവിശ്വാസികളെ പരിഹസിക്കുന്നു എന്നാണ്
- C. അവരിൽ നിന്ന് നിരന്തരം സംശയങ്ങളായിരിക്കും എന്നാണ്

- D. അവർ കേൾക്കാനോ മനസിലാക്കാനോ തയ്യാറാവുകയില്ല എന്നാണ്

**79) ലോകാവസാനത്തിന്റെ അടയാളമായി ജനങ്ങൾക്കിടയിൽ മൃഗം പ്രത്യക്ഷപ്പെടുന്നത് ഏത് സമയത്താണെന്നാണ് ഹദീസിൽ വ്യക്തമാക്കുന്നത് ?**

- A. സൂര്യസ്തമായ സമയത്ത് അല്ലെങ്കിൽ സന്ധ്യ സമയം
- B. സൂര്യൻ ഉദിച്ചുയരുന്നതിന് മുമ്പ്
- C. സൂര്യന്റെ ചലനം മധ്യത്തിൽ എത്തിയാൽ ഉടനെ
- D. ഒരു പൂർവാഹ്ന സമയത്ത്

**80) അല്ലാഹുവിന് ................. , അവന്റെ ............... നിങ്ങൾക്കവൻ കാണിച്ചു തന്നേക്കുന്നതാണ് , അപ്പോൾ നിങ്ങൾക്കത് മനസിലായിക്കൊള്ളും , നിന്റെ റബ്ബ് നിങ്ങൾ പ്രവർത്തിക്കുന്നതിനെ കുറിച്ച് ................... തന്നെ**

- A. സർവ്വ സ്തുതിയും - ദൃഷ്ടാന്തങ്ങൾ - അശ്രദ്ധനല്ല
- B. സ്തുതിയും - അനുഗ്രഹത്തെ - സൂക്ഷ്മജ്ഞാനി
- C. സർവ്വ സ്തുതിയും - വാഗ്ദത്തം - വിട്ട് കളയുകയില്ല
- D. സർവ്വാധികാരവും സ്തുതിയും - ചെയ്തികൾ - വിചാരണ ചെയ്യുന്നവൻ

**81) ഫിർഔനിനോട് യോജിക്കാത്തത് ഏത് ?**

- A. നാട്ടിൽ പൊങ്ങച്ചം കാണിച്ചു
- B. ജനങ്ങളെ പല കക്ഷികളാക്കി
- C. ആ നാട്ടിലെ എല്ലാ ആൺകുട്ടികളെയും അറുകൊല നടത്തി
- D. നാശമുണ്ടാക്കുന്നവരിൽ പെട്ടവൻ

**82) 'അല്ലാഹുവിന്റെ വാഗ്ദാനം യഥാർത്ഥം തന്നെയാണെന്ന് അവൾ അറിയേണ്ടതിനായും വേണ്ടിയാണ് അങ്ങനെ ചെയ്തത്'. അല്ലാഹു ഇവിടെ പരാമർശിച്ചത് എന്താണ് ?**

- A. മദ്‌യനിലെ സ്ത്രീകളിൽ ഒരാൾക്ക് (ശുഐബ് നബിയുടെ മകൾക്ക്) മൂസാ നബിയെ വരനായി ലഭിച്ചത്
- B. ഫിർഔനിന്റെ ഭാര്യക്ക് (ആസിയ ബീവിക്ക്) കുഞ്ഞിനെ നൽകിയത്
- C. ബൽഖീസ് രാഞ്ജിയുടെ സിംഹാസനം അവർക്ക് തിരിച്ചു നൽകിയത്
- D. കുഞ്ഞായ മൂസ(അ)യെ മാതാവിന് തന്നെ തിരിച്ചുകൊടുത്തത്

**83) 'മദ്‌യനിലെ വെള്ളത്താവളത്തിനടുക്കൽ ഒരു സമൂഹത്തെ അദ്ദേഹം കണ്ടെത്തി' ; എപ്രകാരമാണ് അവരെ അദ്ദേഹം കണ്ടെത്തിയത് ?**

- A. അവർ അവരുടെ കാലികളെ തടഞ്ഞു കൊണ്ടിരിക്കുന്നു
- B. അവർ അവരുടെ കാലികൾക്ക് വെള്ളം കൊടുക്കുന്നു
- C. അവർ കുറെ സ്ത്രീകളെ തടഞ്ഞിരിക്കുന്നു
- D. സ്ത്രീകളെയും കുട്ടികളെയും കാലികളെയും അവർ തടഞ്ഞിരിക്കുന്നു

**84) 'നാം പറയുന്നതിന്റെ മേൽ അല്ലാഹു സാക്ഷ്യം വഹിക്കുന്നവനാണ്'; താഴെ നൽകിയവയിൽ ശരിയേത് ?**

- A. തിർമിദി ഉദ്ദരിച്ച ഹദീസിൽ വന്നിട്ടുള്ളത്
- B. ആയത്തിൽ നബി(സ)യോട് പറയാൻ ആവശ്യപ്പട്ടത്
- C. ഖാറൂനിനോട് അറിവുള്ളവർ പറഞ്ഞത്
- D. മൂസാ നബി (അ) വൃദ്ധനോട് പറഞ്ഞത്

**85) അല്ലാഹുവിൽ നിന്ന് സത്യം വന്നപ്പോൾ, നിഷേധികൾ പറഞ്ഞതും അവർക്ക് അല്ലാഹുവിന്റെ മറുപടിയും വചനങ്ങളിൽ വിവരിക്കുന്നുണ്ടല്ലോ. താഴെ നൽകിയവയിൽ തെറ്റായത് കണ്ടെത്തുക**

- A. അവരണ്ടും എന്നു പറഞ്ഞത് തൗറാത്, ഖുർആൻ എന്നിവയെകുറിച്ചാണ്
- B. അല്ലാഹുവിൽ നിന്നുള്ള ഒരു വേദ ഗ്രന്ഥം നിങ്ങൾ കൊണ്ടു വരുക എന്ന് പറഞ്ഞത് ഖുർആനെയോ തൗറാത്തിനെയോ ഉദ്ദേശിച്ചാണ്
- C. മൂസായും ഹാറൂനും സഹകരിച്ചു പ്രവർത്തിക്കുന്ന രണ്ടു ജാലവിദ്യ ക്കാരാണെന്ന് മുമ്പുള്ളവർ പറഞ്ഞിരുന്നു
- D. മൂസായും മുഹമ്മദും ഒരേ പോലെയുള്ള രണ്ടു ജാല വിദ്യക്കാരാണ് എന്ന് നിഷേധിക്കാനുള്ള കാരണമായി അവർ പറഞ്ഞു

**86) 'എന്താണ് നിങ്ങൾ മുർസലുകൾക്ക് ഉത്തരം നൽകിയത്' എന്ന് മഹ്ശറയിൽ വെച്ച് അല്ലാഹു ചോദിക്കും; തുടർന്ന് സംഭവിക്കുന്നത് എന്താണ് ?**

- A. കുറ്റവാളികൾ പരസ്പരം ഒന്നും ചോദിച്ചറിയില്ല
- B. ശിക്ഷയുടെ വർത്തമാനങ്ങൾ കുറ്റവാളികൾ പരസ്പരം ചോദിച്ചറിയും
- C. 'മുർസലുകളെ അനുസരിക്കാത്തവർ പിഴച്ചു പോയി' എന്ന് മറുപടി പറയപ്പെടും
- D. 'ഞങ്ങൾക്ക് അറിവില്ല' എന്നവർ (കുറ്റവാളികൾ) മറുപടി പറയും

**87) ക്ഷമാലുക്കൾ (സഹന ശീലർ) ക്ക് അല്ലാതെ അതു സാധിച്ചുകിട്ടുകയില്ല' എന്ന വചന ഭാഗത്തോട് യോജിക്കാത്തത് ഏത് ?**

- A. ഇത് അറിവു നൽകപ്പെട്ട ജനങ്ങളുടെ പ്രസ്താവനയാണ്
- B. ഇത് അല്ലാഹുവിന്റെ പ്രസ്താവനയാണ്
- C. അല്ലാഹുവിൽ നിന്ന് പ്രതിഫലം ലഭിക്കാൻ ക്ഷമിക്കുന്നവർക്ക് മാത്രമേ ഭാഗ്യം ലഭിക്കുകയുള്ളു
- D. സഹിക്കുവാനും ക്ഷമിക്കുവാനുമുള്ള മനസ്ഥിതി ഏറ്റവും ഉണ്ടായിരുന്നവർ പ്രവാചകന്മാരാണ്

**88) " ലോക രക്ഷിതാവായ അല്ലാഹു മഹാ പരിശുദ്ധനത്രെ " അല്ലാഹുവിന്റെ ഈ മഹത്തായ വിശേഷണത്തെ പ്രഖ്യാപിക്കുന്നതിന് തൊട്ട് മുമ്പായി വചനത്തിൽ പരാമർശിച്ച വിഷയമാണ് ......... ?**

- A. മൂസാ നബിയുടെ വടി പാമ്പായി മാറി
- B. മൂസാ നബിയുടെ കൈവെള്ളയിൽ നിന്ന് പ്രകാശം പടർന്നു
- C. മൂസാ നബി തീയുടെ അടുത്ത് എത്തുകയും അവിടെ നിന്ന് ഒരു സംസാരം കേൾക്കുകയും ചെയ്തു
- D. മൂസാ നബി (അ) ഒൻപത് ദൃഷ്ടാന്തങ്ങളുമായി ഫിർഔനിന്റെ അടുത്തേക്ക് പോയി

**89) മസാകിൻ എന്ന് വിശേഷിപ്പിച്ചത് ............. ?**

- A. സുലൈമാൻ (അ) ബൽഖീസിനെ സ്വീകരിക്കാൻ തയാറാക്കിയ കൊട്ടാരത്തെ
- B. ദുഷിച്ച മഴ കൊണ്ട് നശിപ്പിക്കപ്പെട്ട നാടിനെ
- C. ബൽഖീസിന്റെ നാട്ടിലെ അവരുടെ കൊട്ടാരത്തെ
- D. ഉറുമ്പുകളുടെ വാസ സ്ഥലത്തെ

**90) ഹുദ് ഹുദിനോട് കത്ത് നൽകാൻ ആവശ്യപ്പെടുന്ന വിധം എങ്ങനെയാണ് ആയത്തിൽ പ്രതിപാദിക്കുന്നത് ?**

- A. കത്ത് കൈയിൽ നൽകുക , മറുപടിക്കായി കാത്തിരിക്കുക
- B. കത്ത് എറിഞ്ഞു നൽകുക , മറുപടി ഒളിഞ്ഞിരുന്നു കേൾക്കുക
- C. കത്ത് ഇട്ടു കൊടുക്കുക , മറുപടിക്കായി മാറി നിൽക്കുക
- D. കത്ത് കൊത്തിയിട്ട് കൊടുക്കുക , മറുപടിക്കായി അവരുടെ അടുത്തേക്ക് ചെല്ലുക

**91) ബൽഖീസിന്റെ സിംഹാസനം രൂപമാറ്റം വരുത്താൻ സുലൈമാൻ നബി ആവശ്യപ്പെട്ടത് എന്തിന് വേണ്ടിയായിരുന്നു ?**

- A. സുലൈമാൻ നബിയുടെ ബുദ്ധി വൈഭവത്തെ അവർക്ക് കാണിച്ചു കൊടുക്കാൻ
- B. അവരുടെ സിംഹാസനം കൊണ്ട് വന്നിട്ടില്ല എന്ന് കളവ് പറയാൻ

- C. കൊട്ടാരത്തിലെ മന്ത്രിമാരുടെ നിർദേശത്തെ നടപ്പിൽ വരുത്താൻ
- D. സുലൈമാൻ നബിക്ക് ലഭിച്ച നുബുവ്വത്തിലേക്ക് അവരുടെ ശ്രദ്ധ തിരിക്കാൻ

**92) സമൂദിലെ അക്രമി സംഘം പരസ്പരം സത്യം ചെയ്തു പറഞ്ഞ വർത്തമാനം എന്തായിരുന്നു ?**

- A. ആ നാശസംഭവം നടക്കുമ്പോൾ ഞങ്ങൾ അവിടെ സാക്ഷികളായിരുന്നു
- B. തീർച്ചയായും സ്വാലിഹ് നബിയെയും അവന്റെ ആളുകളെയും ഞങ്ങൾ രാക്കൊല നടത്തുന്നതാണ്
- C. ഞങ്ങൾ എന്നും നിങ്ങളോട് ഇത് വരെ സത്യം മാത്രമേ പറഞ്ഞിട്ടുള്ളൂ
- D. നിങ്ങൾക്ക് ഞങ്ങളെ വിശ്വാസമില്ലെങ്കിൽ കുടുംബത്തിൽ പെട്ടവരോട് ചോദിച്ചു നോക്കാം

**93) രണ്ട് ജലാശയങ്ങളെ ഒരേ വചനത്തിൽ പരാമർശിച്ചു കാണുന്നു . ഏതാണ് അവ ?**

- A. ലുജ്ജത്ത് - ബഹ്ർ
- B. ബഹ്ർ - നഹ്ർ
- C. ലുജ്ജത്ത് - നഹ് ർ
- D. ബഹ്ർ - ബിർക്കത്ത്

**94) അവിശ്വസിച്ചവർ പറയുന്നു : ഞങ്ങളും ...................... മണ്ണായാൽ വീണ്ടും ഞങ്ങൾ നിശ്ചയമായും പുറത്ത് കൊണ്ടുവരപ്പെടുന്നവരാണോ ?**

- A. ഞങ്ങളുടെ സന്താനങ്ങളും
- B. ഞങ്ങളുടെ സമ്പത്തും
- C. ഞങ്ങളുടെ പിതാക്കളും
- D. ഞങ്ങളുടെ പൂർവീകരും

**95) വാക്കുകൾ സംഭവിക്കുമ്പോൾ എന്നതിന്റെ വ്യാഖ്യാനവുമായി ബന്ധപ്പെട്ട് യോജിച്ചു വരുന്ന കൂട്ടത്തെ തെരഞ്ഞെടുക്കുക ?**

- A. ഖിയാമത്ത് നാൾ, പുനരുത്ഥാനം, ശിക്ഷ
- B. അവിശ്വാസി , ധിക്കാരം , ശിക്ഷ
- C. ദുർബലർ, ഉന്നതർ , അധികാരം
- D. പാപം , തൗബ , കാരുണ്യം

**96) " വല്ലവേളയിലും, ആരുമില്ലാതെ നീ തനിച്ചായിരുന്നാൽ ഞാൻ തനിച്ചാണെന്ന് നീ കരുതിപ്പോകരുത് , എങ്കിലും നിന്നെ മേൽനോട്ടം ചെയ്യുന്ന ഒരാളുണ്ടെന്ന് ഓർത്തുകൊള്ളണം. ഒരു വിനാഴിക നേരമെങ്കിലും അല്ലാഹു അശ്രദ്ധനായിരിക്കുമെന്നോ, ഒളിച്ചുവെക്കുന്ന ഏതെങ്കിലും കാര്യം അവൻ അറിയാതെ പോകുമെന്നോ ഒരിക്കലും നീ ധരിച്ചേക്കുകയുമരുത് " ; ഈ വാക്കുകൾ ആരുടേതാണ് ?**

- A. ഹസാൻ ബ്നു സാബിത് (റ)
- B. ഉമർ ബ്നു ഖത്വബ് (റ)
- C. ഇമാം അഹ് മദ് ബ്നു ഹമ്പൽ (റ)
- D. ഖലീൽ ജിബ് റാൻ

**97) താഴെ നൽകിയവയിൽ പാഠഭാഗത്ത് വരുന്നത് ഏത് ?**

- A. മൂസാക്ക് നാം ബോധനം നൽകി
- B. മൂസായുടെ മാതാവിന് നാം ബോധനം നൽകി
- C. മൂസാക്കും ഹാറൂനിനും നാം ബോധനം നൽകി
- D. എ യും ബി യും ശരിയാണ്

**98) താഴെ നൽകിയ പ്രസ്താവനകളിൽ തെറ്റിച്ചു നൽകിയത് കണ്ടെത്തുക**

- A. പട്ടണത്തിൽ രണ്ടു പുരുഷൻമാർ ശണ്ഠകൂടുന്നതായി മൂസ(അ) കണ്ടെത്തി
- B. (ശണ്ഠകൂടുന്നവരിൽ) ഒരാൾ മൂസാ(അ)യുടെ കക്ഷിയിൽ പെട്ടവനും മറ്റേവൻ ശത്രുക്കളിൽപെട്ടവനും
- C. ശണ്ഠകൂടുന്നവരിൽ ഒരാൾ (ആയത്തിൽ നിന്നും വ്യക്തമല്ല) മൂസാ(അ)യോട് സഹായം തേടി
- D. മൂസാ(അ) ശത്രുക്കളിൽപെട്ടവനെ മുഷ്ടിചുരുട്ടി ഇടിച്ചു; അതവന്റെ കഥ കഴിച്ചു

**99) തടഞ്ഞുവെച്ചു കൊണ്ടിരിന്ന സ്ത്രീകളുടെ വിശേഷം അവർ വിശദീകരിച്ചത് എന്തായിരുന്നു ?**

- A. ഒരു കൂട്ടം മനുഷ്യർ തങ്ങളുടെ ആടുകളെ തടഞ്ഞു വെച്ചു കൊണ്ടിരിക്കുകയാണ്
- B. ഇടയൻമാർ വെള്ളം കൊടുത്ത് തിരിച്ചു പോകുന്നതു വരെ അവർ ആടുകൾക്ക് വെള്ളം കൊടുക്കാറില്ല
- C. ഞങ്ങളുടെ പിതാവിന് സുഖമില്ലാത്തതിനാൽ ആടുകളെ കുടിപ്പിക്കാൻ സാധിക്കില്ല
- D. എ യും ബി യും ശരിയാണ്

**100) നിങ്ങൾക്ക് തീ കായാമല്ലോ എന്ന് ഇരു സൂറത്തുകളിലും മൂസ്സ നബി(അ) പറഞ്ഞതായി വന്നിട്ടുണ്ട്.ഇതുമായി ബന്ധപ്പെട്ട് സൂറത്തുൽ ഖസസിൽ വന്ന പ്രയോഗമാണ് .........**

- A. شِهَابٍ قَبَسٍ
- B. جَذْوَةٍ مِنَ النَّارِ
- C.കൊളുത്തിയെടുത്ത തീപന്തം
- D. പകർത്തിയെടുത്ത തീനാളം

101) ആയത്തിൽ പരമർശിച്ച പദങ്ങൾ മനസിലാക്കി തെറ്റായ ജോഡിയെ കണ്ടെത്തുക

- A. അവരണ്ടും - തൗറാത്, സബൂർ
- B. വചനം - ഖുർആൻ
- C. സ്വന്തം ഇച്ഛയെ പിൻ പറ്റുന്നവൻ - ഏറ്റവും വഴി പിഴച്ചവൻ
- D. അക്രമികളായ ജനത - അല്ലാഹു നേർ വഴി കാട്ടുകയില്ല

102) 'അവൻ ഭാഗ്യവാൻമാരിൽപ്പെട്ടവൻ ആയേക്കാം' ; അത്തരക്കാരുടെ സവിശേഷത ആയത്തിൽ പറഞ്ഞത് എന്തെല്ലാം

- A. വിശ്വസിക്കുക, നമസ്കരിക്കുക, ദാന ധർമ്മം ചെയ്യുക, പ്രാർത്ഥനകൾ അധികരിപ്പിക്കുക
- B. പശ്ചാത്തപിക്കുക, വിശ്വസിക്കുക, അദൃശ്യകാര്യങ്ങളിൽ വിശ്വസിക്കുക
- C. സൽക്കർമ്മം പ്രവർത്തിക്കുക, ഖേദിച്ചു മടങ്ങുക, ദാന ധർമ്മം ചെയ്യുക
- D. പശ്ചാത്തച്ചു മടങ്ങുക, സത്യവിശ്വാസം കൈകൊള്ളുക, സൽക്കർമ്മം പ്രവർത്തിക്കുക

103) ഖാറൂനിനെ ശിക്ഷിച്ചത് എങ്ങനെയായിരുന്നു ?

- A. കൊടുങ്കാറ്റ്
- B. ചീത്ത മഴ
- C. തല കീഴായി മറിച്ചു
- D. ഭൂമിയിൽ ആഴ്ത്തി

104) മൂസാ നബി വടി നിലത്തിട്ട് പാമ്പായി മാറിയപ്പോൾ അദ്ദേഹത്തിൽ നിന്നുണ്ടായ ചില പ്രതികരണങ്ങൾ താഴെ നൽകുന്നു . കൂട്ടത്തിൽ പെടാത്തത് ഏതെന്ന് തെരഞ്ഞെടുക്കുക ?

- A. പിടഞ്ഞു നടന്നു
- B. പിന്തിരിഞ്ഞോടി
- C. പിന്നോക്കം നോക്കിയതില്ല
- D. പിൻതിരിഞ്ഞവനായി പിൻവാങ്ങി

**105) സുലൈമാൻ നബിയുടെ ശ്രദ്ധേയമായ പ്രാർത്ഥനയിൽ ആദ്യമായി തേടുന്നത് ആർക്ക് വേണ്ടിയാണ് ?**

- A. അദ്ദേഹത്തിന്റെ മാതാപിതാക്കൾക്ക് വേണ്ടി
- B. അദ്ദേഹത്തിന്റെ സ്വന്തത്തിന് വേണ്ടി
- C. സദ് വൃത്തരായ അടിമകൾക്ക് വേണ്ടി
- D. അനുഗ്രഹങ്ങൾക്ക് നന്ദി കാണിക്കുന്നവർക്ക് വേണ്ടി

**106) സുലൈമാൻ നബി നൽകിയ കത്തിന്റെ ഉള്ളടക്കം എന്തായിരുന്നു ?**

- A. എന്നോട് നിങ്ങൾ ഔന്നിത്യം കാണിക്കരുത് , മുസ്‌ലിംകളായി എന്റെയടുക്കൽ വരിക
- B. നിങ്ങൾ കത്ത് വായിക്കുക, മാന്യമായി വരിക
- C. മുസ്‌ലിംകളാവുക , ഔന്നിത്യമുള്ളവരായി എന്റെയടുക്കൽ വരിക
- D. നിങ്ങൾ സൂര്യനെ ആരാധിക്കുന്നത് നിർത്തുക , മുസ്‌ലിംകളാവുക

**107) ബൽഖീസ് രാജ്ഞി ബുദ്ധിമതിയും സദ് വിചാരക്കാരിയുമാണെന്ന കാര്യം സുലൈമാൻ നബിക്ക് മനസിലായത് എങ്ങനെ ?**

- A. രൂപമാറ്റം ചെയ്യപ്പെട്ട അവരുടെ സിംഹാസനം കണ്ട് തിരിച്ചറിഞ്ഞതിലൂടെ
- B. സുലൈമാൻ നബിയുടെ കത്തിന് മറുപടിയായി അദ്ദേഹത്തിന് ധാരാളം പാരിതോഷികങ്ങൾ കൊടുത്തയച്ചതിലൂടെ
- C. സുലൈമാൻ നബിക്ക് കീഴ്പ്പെട്ട് മുസ്‌ലിമായി അദ്ദേഹത്തിന്റെ അടുത്തേക്ക് കടന്നു വന്നതിലൂടെ
- D. കൊട്ടാരത്തിൽ പ്രവേശിച്ചപ്പോൾ വെള്ളമുണ്ടെന്ന് കരുതി അൽപ്പം വസ്ത്രം പൊക്കിപിടിച്ചു പ്രവേശിക്കുന്നത് കണ്ടപ്പോൾ

**108) അല്ലാഹു തന്ത്രം പ്രയോഗിച്ചതിന്റെ ഫലമായി സംഭവിച്ചത് ............. ?**

- A. പാറ മുകളിൽ നിന്ന് ഒട്ടകം പുറത്ത് വന്നു
- B. ഒൻപത് പേരടങ്ങിയ അക്രമി സംഘത്തെ ചുട്ടു കളഞ്ഞു
- C. അവരുടെ വീടുകൾ ശൂന്യമായി കിടന്നു
- D. അവരിൽ ആദ്യമായി ശിക്ഷ ബാധിച്ചത് കൂട്ടത്തിൽ നികൃഷ്ടനായവനായിരുന്നു

**109) അക്രമിക്കപ്പെട്ടവന്റെ പ്രാർത്ഥന നീ സൂക്ഷിച്ചു കൊള്ളണം ഇപ്രകാരം പ്രവാചകൻ ഉപദേശിച്ച സ്വഹാബി ആരായിരുന്നു ?**

- A. സൈദ് ബ്നു ഹാരിസ് (റ)

- B. മിഖ്ദാദ് ബ്നു അസ്‌വദ് (റ)
- C. അനസ് ബ്നു മാലിക്(റ)
- D. മുആദ് ബ്നു ജബൽ(റ)

**110) മരണാനന്തരം ഉയിർത്തെഴുന്നേൽക്കുന്നതിനെ പറ്റി അവിശ്വാസികൾ പരിഹാസത്തോടെ പറഞ്ഞ വാക്കുകളിൽ പെടാത്തത് ഏതാണ് ?**

- A. ഇത് പൂർവീകരുടെ പുരാണ കഥകളല്ലാതെയല്ല
- B. ഇത് ഞങ്ങളോടും മുമ്പ് ഞങ്ങളുടെ പിതാക്കളോടും വാഗ്ദാനം ചെയ്യപ്പെട്ടിട്ടുണ്ട്
- C. മരിച്ചു മണ്ണായാൽ ഞങ്ങൾ വീണ്ടും പുറത്ത് കൊണ്ടുവരപ്പെടുന്നവരാണോ
- D. നിങ്ങൾ പറഞ്ഞു കൊണ്ടിരിക്കുന്ന വാഗ്ദാനം ഇത് വരെ ഞങ്ങളെ ബാധിച്ചു കാണുന്നില്ലല്ലോ

**111) ചലിക്കുന്ന ജീവി എന്ന അർത്ഥമാണ് അറബിയിലെ .............. എന്ന പദത്തിനുള്ളത് ?**

- A. ഹയ്യത്ത്
- B. ഹുദ്ഹുദ്
- C. ദാബ്ബത്ത്
- D. ഇവയൊന്നുമല്ല

**112) ഒന്നൊഴികെ ബാക്കിയെല്ലാം മൂസായുടെ മാതാവിന് നൽകിയ ബോധനത്തിൽ പെട്ടതാണ്, ആ ഒന്നേതാണ് ?**

- A. അവന് മുലകൊടുക്കുക, അവനെക്കുറിച്ച് പേടിയുണ്ടായാൽ അവനെ നദിയിൽ ഇട്ടേക്കുക
- B. നീ പേടിക്കേണ്ട, വ്യസനിക്കുകയും വേണ്ടാ
- C. ഫിർഔനിന്റെ ഭാര്യ അവനെ വളർത്തു പുത്രനായി സ്വീകരിക്കുന്നതാണ്
- D. നിന്റെ അടുക്കലേക്കു അവനെ തിരിച്ചു കൊണ്ടു വരുന്നതാണ്

**113) ഇമ്രഅതു ഫിർഔൻ പറഞ്ഞതായി ആയത്തിൽ വന്ന പ്രയോഗമാണ് ?**

- A. ഖുർറതു അയ്ൻ قُرَّتُ عَيْنٍ
- B. തഖർറ അയ്ൻ تَقَرَّ عَيْنٍ
- C. ഖുർറത അഉയുൻ قُرَّةَ أَعْيُنٍ
- D. തഖർറ അഉയുൻ تَقَرَّ أَعْيُنٍ

**114) തങ്ങളുടെ വീട്ടിൽനിന്ന് ആടുകളേയും കൊണ്ടു പോരുവാൻ പറ്റിയ ആൾ വേറെയില്ലെന്ന് ബോധ്യപ്പെടുത്താൻ സ്ത്രീകൾ പറഞ്ഞതെന്ത് ?**

- A. അവരുടെ വീട്ടിൽ മറ്റു പുരുഷന്മാർ ഇല്ല
- B. അവർക്ക് സഹോദരങ്ങൾ ആരുമില്ല
- C. അവരുടെ പിതാവ് വലിയ ഒരു വൃദ്ധനാണ്
- D. എല്ലാം ശരിയാണ്

**115) ഒരേ ആയത്തിൽ വന്ന പ്രയോഗങ്ങൾ വായിച്ച് കൂട്ടത്തിൽ ഉൾപെടാത്തത് കണ്ടെത്തുക ?**

- A. شَـٰطِئِ ٱلْوَادِ ٱلْأَيْمَن - താഴ്‌വരയുടെ വലത്തേ തീരം
- B. ٱلْبُقْعَةِ ٱلْمُبَـٰرَكَة - അനുഗ്രഹീതമായ പ്രദേശം
- C. شَجَرَةٍ مُّبَـٰرَكَة - അനുഗ്രഹീതമായ വൃക്ഷം
- D. رَبُّ ٱلْعَـٰلَمِين - ലോകരുടെ രക്ഷിതാവ്

**116) വേദഗ്രന്ഥം മുമ്പ് ലഭിക്കപ്പെട്ട ഒരു കൂട്ടർ പിന്നീട് ഖുർആനിലും വിശ്വസിക്കുന്നു. അവർ ........... (ആയത്തിനോട് യോജിക്കാത്തത് തിരഞ്ഞെടുക്കുക).**

- A. അല്ലാഹു അവർക്ക് നൽകിയതിൽ നിന്നും ചിലവഴിക്കുന്നു
- B. വ്യർത്ഥമായതു കേട്ടാൽ അതിൽ നിന്നും തിരിഞ്ഞു കളയുന്നു
- C. നൻമ കൊണ്ട് തിൻമയെ തടുക്കുന്നു
- D. ക്ഷമിച്ചതിനാൽ പ്രതിഫലം പതിന്മടങ്ങു നൽകപ്പെടുന്നു

**117) എല്ലാ സമുദായത്തിൽ നിന്നും അല്ലാഹു പുറത്തു കൊണ്ടു വരുന്ന സാക്ഷി ആരായിരിക്കും ?**

- A. അവരിലെ പ്രവാചകൻമാർ
- B. അവർക്കിറങ്ങിയ വേദഗ്രന്ഥങ്ങൾ
- C. മലക്കുകൾ
- D. മുകളിൽ നൽകിയവയിലെ ഏതെങ്കിലും ഒന്ന് ആകാവുന്നതാണ്

**118) ഖാറൂന്റെ നിക്ഷേപങ്ങളുടെ താക്കോലുകൾ (മഫാതീഹ്) പോലും ശക്തൻമാരായ ഒരു കൂട്ടം ആളുകൾക്കു ഞെരുങ്ങി എടുക്കുവാൻ മാത്രം ഉണ്ടായിരുന്നു. ഇവിടെ 'താക്കോലല്ല' ഉദ്ദേശ്യമെങ്കിൽ പിന്നെആയത്തിൽ പരാമർശിച്ചതിന്റെ ഉദ്ദേശ്യം എന്താണ്?**

- A. സ്വർണ്ണം, വെള്ളി മുതലായവ അവൻ ധാരളമായി സമ്പാദിച്ചിരുന്നു, അവ നിധികളായി കുഴിച്ചിട്ടിരുന്നു
- B. അവന്റെ സമ്പത്തുകൾ സൂഷിക്കുന്ന ഖജനാവുകൾ കുറെ ആളുകൾക്കു വഹിക്കാൻ മാത്രം വളരെയുണ്ടായിരുന്നു
- C. സ്വർണ്ണം, വെള്ളി മുതലായ നിക്ഷേപങ്ങൾ ആളുകൾ വഹിച്ചു കൊണ്ടു പോയിരുന്നത് കണ്ട് അറിവില്ലാത്തവർ അസൂയ പൂണ്ടിരുന്നു
- D. ആയത്തിൽ അങ്ങനെ തന്നെ വ്യക്തമാക്കിയത് കൊണ്ട് മറ്റൊരുദ്ദേശ്യം ഉണ്ടാകാവതല്ല

**119) അല്ലാഹുവിന്റെ അടുക്കൽ മുർസലുകൾ ............ ?**

- A. മഹത്തായ പദവിയുള്ളവരാണ്
- B. ഭയഭക്തിയുള്ളവരാണ്
- C. കൂടുതൽ സാമീപ്യം സിദ്ദിച്ചവരാണ്
- D. ഭയപ്പെടുന്നതല്ല

**120) സുലൈമാൻ നബി(അ)യുടെ ശ്രദ്ധേയമായ പ്രാർത്ഥനയിൽ അല്ലാഹുവിലേക്ക് ചേർത്ത് പറയുന്ന അവന്റെ ചില ഗുണഗണങ്ങൾ കാണാമല്ലോ. അവയിൽ ഉൾപ്പെടാത്തത് ഏത് ?**

- A. കാരുണ്യം
- B. തൃപ്തി
- C. അനുഗ്രഹം
- D. നന്ദി

**121) സബഉകാരെ പറ്റി കൊട്ടാരത്തിലെ പ്രാധാനികൾ അഭിപ്രായപ്പെട്ടത് എന്തായിരുന്നു ?**

- A. അവർക്ക് സുലൈമാൻ നബിയെ തോൽപ്പിക്കാനുള്ള ശക്തിയുണ്ടെന്ന്
- B. നാം ശക്തിമത്തായ സമര വീര്യമുള്ളവരാകുന്നു
- C. നമ്മുടെ അധികാരം വിശാലമുള്ളതാകുന്നു
- D. ബി യും സി യും ശരിയാണ്

**122) ഇത് അത് തന്നെയാണെന്ന് തോന്നുന്നു ഈ മറുപടി താഴെ നൽകിയതിൽ ഏത് വിഷയവുമായി ബന്ധപ്പെട്ട് കിടക്കുന്നു ?**

- A. ശുഐബ് നബിയുടെ കരാറുമായി
- B. ബൽഖീസിന്റെ സിംഹാസനവുമായി
- C. ഖിബ്തി ഗോത്രക്കാരന്റെ വധവുമായി

D. ഹുദ്ഹുദ് പക്ഷി സബഇൽ കണ്ട കാഴ്ചയുമായി

**123) നിങ്ങൾ കണ്ടു കൊണ്ട് തന്നെ ഈ ദുഷ്പ്രവർത്തി ചെയ്യുകയാണോ ? ഇവിടെ 'കണ്ട് കൊണ്ട്' എന്നതുകൊണ്ട് ഉദ്ദേശിച്ചിട്ടുള്ളത് എന്താണ് ?**

A. പരസ്പരം രഹസ്യമായി കൊണ്ട് എന്നതാണ് ഇവിടുത്തെ ഉദ്ദേശം

B. ഒരാളുടെ നീചത്വം മറ്റൊരാൾ അറിഞ്ഞിട്ടും അയാൾ കൂടി അത് മറച്ചു വെച്ച് നീചനെ സഹായിക്കുന്നു എന്നാണ് ഇവിടുത്തെ അർത്ഥം

C. അള്ളാഹു എല്ലാം കാണുന്നുണ്ട് എന്നതാണ് ഇത് കൊണ്ടുള്ള ഉദ്ദേശം

D. തെറ്റാണെന്ന് ബോധ്യപ്പെട്ടിട്ടും നീചത്വം ചെയ്യുന്നു എന്നാണ് ഇതിന്റെ ഉദ്ദേശം

**124) മൂന്ന് പ്രാർത്ഥനകൾ ഉത്തരം ലഭിക്കുന്നവയാണ്. അവയുടെ കാര്യത്തിൽ സംശയമില്ല, മാതാപിതാക്കളുടെ പ്രാർത്ഥനയും, യാത്രക്കാരന്റെ പ്രാർത്ഥനയും, ആക്രമിക്കപ്പെട്ടവന്റെ പ്രാർത്ഥനയും ഈ ഹദീസ് ഉദ്ദരിക്കുന്നത് ............... ?**

A. ഇമാം ഇബ്നു മാജയും നസാഇയുമാണ്

B. ഇമാം ബുഖാരിയും മുസ്‌ലിമുമാണ്

C. ഇമാം തിർമിദിയും അബൂദാവൂദുമാണ്

D. ഇമാം അഹ് മദാണ്

**125) ഈ വാഗ്ദാനം - هَٰذَا ٱلْوَعْدُ - എന്നതിന്റെ വ്യാഖ്യാനത്തിൽ ഉൾപ്പെടാത്തതാണ് ........... ?**

A. ഖിയാമത്തുനാൾ വരുവാനിരിക്കുന്നു

B. മരണാനന്തരം എല്ലാവരും പുനർജ്ജീവിപ്പിക്കപ്പെടും

C. സത്യനിഷേധികൾ ഭയങ്കര ശിക്ഷക്ക് വിധേയരാകും

D. ദുർബലരായവർ അതികായകരെ ജയിച്ചടക്കും

**126) എല്ലാ സമുദായത്തിൽ നിന്നും അള്ളാഹു ഒരുമിച്ചു കൂട്ടും എന്ന് പറഞ്ഞത് ഏത് വിഭാഗം ആളുകളെയാണ് ?**

A. മതത്തിൽ പ്രമാണം നോക്കാതെ പ്രവർത്തിച്ചവർ

B. തിന്മകൾക്ക് വേണ്ടി പിന്തുണ നൽകിയവരെ

C. അല്ലാഹുവിന്റെ ലക്ഷ്യങ്ങളെ വ്യാജമാക്കിയവരെ

D. എല്ലാ തിന്മകൾക്കും നാട്ടിൽ മുൻപന്തിയിൽ നിന്നവരെ

**127) താഴെ നൽകിയവയിൽ മൂസായെക്കുറിച്ച് വരാനിരിക്കുന്ന ഏതു കാര്യമാണ് ഉമ്മുമൂസയുടെ വഹ്‌യിൽ ഉണ്ടായിരുന്നത് ?**

- A. അവൻ പ്രാണരക്ഷാർത്ഥം ഇവിടംവിട്ട് ഓടി പോകുന്നതാണ്
- B. അവനെ ദൈവ ദൂതനാക്കുന്നതാണ്
- C. അവൻ ഇസ്റാഈല്യരെ ഫിർഔനിൽ നിന്നും രക്ഷിക്കുന്നതാണ്
- D. അവൻ ഫിർഔനിന്റെ സർവ്വ നാശത്തിന് ഹേതുവാകുന്നതാണ്

**128) കൈക്കുഞ്ഞായ മൂസായെ മാതാവിന് അല്ലാഹു തിരിച്ചു നൽകിയതു കൊണ്ട് മൂന്ന് നേട്ടങ്ങളാണ് ആയത്തിൽ പറയുന്നത്. അതിൽ പെടാത്തത് ഏത് ?**

- A. മാതാവ് പേടിക്കാതിരിക്കാൻ
- B. മാതാവിന്റെ കൺ കുളിർക്കാൻ
- C. മാതാവ് വ്യസനിക്കാതിരിക്കാൻ
- D. അല്ലാഹുവിന്റെ വാഗ്ദാനം യഥാർത്ഥമാണെന്ന് മാതാവ് അറിയാൻ

**129) ഫഖീർ എന്ന് ഉദേശിച്ചത് ആരെയാണ് ?**

- A. സ്ത്രീകളുടെ (പെൺകുട്ടികളുടെ) പിതാവിനെ
- B. മദ്‌യനിലെ شَيْخ ആയിട്ടുള്ള ആ വൃദ്ധനെ
- C. എ യും ബി യും ശരിയാണ്
- D. എ യും ബി യും തെറ്റാണ്

**130) വടി പാമ്പാകുന്ന സന്ദർഭത്തിലും കൈ വെള്ളയായി പ്രത്യക്ഷപ്പെടുന്ന സന്ദർഭത്തിലും ഫിർഔന്റെ അടുക്കലും മൂസാ നബി (അ) ഭയപ്പെടേണ്ടതില്ല. അഥവാ ഭയം തോന്നുകയാണെങ്കിൽ പരിഹാരം എന്താണ് അല്ലാഹു നിർദേശിച്ചത് ?**

- A. ഉടൻ അല്ലാഹുവിനോട് പ്രാർത്ഥിക്കുക, അവൻ കൂടിത്തന്നെയുണ്ട്
- B. അല്ലാഹുവിനെ മനസ്സിൽ സ്മരിക്കുക, ഭയം ഉടനടി മാറുന്നതാണ്
- C. മൂസാ നബിയുടെ കൈ നെഞ്ചിൽ ചേർത്തു കൂട്ടിപ്പിടിക്കുക. അപ്പോൾ ആ ഭയം മാറും
- D. പ്രത്യേകിച്ചൊരു പരിഹാരം നിർദേശിച്ചതായി ആയത്തുകളിൽ നിന്നും വ്യക്തമല്ല

**131) ഞങ്ങൾക്ക് ഞങ്ങളുടെ കർമ്മങ്ങൾ, നിങ്ങൾക്ക് നിങ്ങളുടെ കർമ്മങ്ങളും; നിങ്ങൾക്കു സലാം, ഞങ്ങൾ അജ്ഞൻമാരെ വേണ്ടതില്ല ; ആര്, എപ്പോൾ പറയുന്നതായാണ് പാഠഭാഗത്ത് വന്നത് ?**

- A. മുസ്ലിംകൾ, അവരെ അവിശ്വാസത്തിന് നിർബന്ധിക്കുമ്പോൾ
- B. ഇബാദു റഹ്മാൻ, വ്യർത്ഥം ആയ എന്തെങ്കിലും കേട്ടാൽ

- C. ഖുർആനിലും വിശ്വസിച്ച വേദക്കാർ, അനാവശ്യം വല്ലതും കേട്ടാൽ
- D. വേദക്കാർ, ഖുർആനിലേക്ക് അവരെ ക്ഷണിച്ചാൽ

**132) മറഞ്ഞതോ വരാനിരിക്കുന്നതോ ആയ കാര്യങ്ങൾ അല്ലാഹുവിന് മാത്രമേ അറിയുകയുള്ളൂ. ഈ വിഷയത്തിന്റെ വിശദീകരണവുമായി ബന്ധപ്പെട്ട് താഴെ നൽകിയവയിൽ തെറ്റായ പ്രസ്താവനയേത് ?**

- A. അർ'റാഫിനോട് മറഞ്ഞകാര്യത്തെ പറ്റി ചോദിക്കുന്നവന്റെ 40 ദിവസത്തെ നമസ്കാരം സ്വീകരിക്കന്നതല്ല
- B. മറഞ്ഞകാര്യത്തെ അറിയാവുന്ന പോലെ കാ'ഹിൻ പറയുന്നത് ഒരാൾ വിശ്വസിച്ചാൽ റസൂലിന് അവതരിച്ചതിൽ നിന്നും അവന്റെ ബന്ധം മുറിയും
- C. മറഞ്ഞതോ വരാനിരിക്കുന്നതോ ആയ കാര്യങ്ങളെ ഗണിച്ചു പറയുന്നവനാണ് അർ'റാഫ്
- D. ഗണിതം അറിയുന്ന പുരോഹിതൻമാരെ മൊത്തത്തിൽ കാ'ഹിൻ എന്ന് പറയും

**133) 'അഹോ! കാര്യം, അവിശ്വാസികൾ ജയിക്കുകയില്ല എന്നു തന്നെ തോന്നുന്നു' ; ഇത് ആരുടെ പ്രസ്താവനയായിട്ടാണ് ആയത്ത് ഉദ്ദരിക്കുന്നത് ?**

- A. അറിവ് നൽകപ്പെട്ടവരുടെ
- B. ഐഹിക ജീവിതത്തെ ഉദ്ദേശിക്കുന്നവരുടെ
- C. പരലോക ജീവിതത്തെ ഉദ്ദേശിക്കുന്നവരുടെ
- D. സത്യവിശാസികളുടെ

**134) അക്രമം പ്രവർത്തിച്ചവന് മുമ്പിൽ അല്ലാഹു പൊറുക്കുന്നവനും കരുണ ചെയ്യുന്നവനുമാകുന്നത് എപ്പോഴാണ് ?**

- A. പ്രസ്തുത തിന്മയിൽ നിന്ന് ഉടൻ തന്നെ മാറി നിൽക്കുമ്പോൾ
- B. പ്രസ്തുത തിന്മയിൽ നിന്ന് പതുക്കെ പതുക്കെ അകന്ന് നിൽക്കുമ്പോൾ
- C. തിന്മക്ക് ശേഷം നന്മ പകരമാക്കുമ്പോൾ
- D. തിന്മയിൽ നിന്ന് മാറി നിൽക്കാനും പൊറുക്കിലിന് വേണ്ടി പ്രാർത്ഥിക്കാനും മനസ് ഒരുങ്ങുമ്പോൾ

**135) ഫത്തബസ്സമ (فَ تَ بَ سَّ مَ) ദ്വാഹിക്കൻ ( ضَا حِ كًا) ഈ പ്രയോഗത്തിന്റെ ശരിയായ അർത്ഥം ഏതെന്ന് വ്യക്തമാക്കുക ?**

- A. പുഞ്ചിരി കൊണ്ട് ചിരിച്ചു
- B. പുഞ്ചിരിച്ചു പിന്നെ ചിരിച്ചു
- C. ചിരിച്ചു പിന്നെ പുഞ്ചിരിച്ചു

- D. കൂടുതൽ നേരം പുഞ്ചിരിച്ചു

**136) സുലൈമാൻ നബിയിൽ നിന്നുള്ള കത്തിന് ആദ്യ മറുപടി എന്ന നിലക്ക് ബൽഖീസ് രാജ്ഞ്ഞി ചെയ്ത കാര്യമെന്താണ് ?**

- A. കൊട്ടാരത്തിൽ നിന്നുള്ള പ്രധാനികളെ ചർച്ചക്ക് വേണ്ടി അയച്ചു
- B. ബൽഖീസ് രാജ്ഞ്ഞി സൈന്യവുമായി കടന്നു ചെന്ന്
- C. കത്തിന് മറുപടിയുമായി ഏതാനും ദൂതന്മാരെ പറഞ്ഞയച്ചു
- D. കുറേ സമ്മാനങ്ങളുമായി ഒരു ദൗത്യ സംഘത്തെ അയച്ചു

**137) പളുങ്കുകളാൽ മിനുക്കിയുണ്ടാക്കപ്പെട്ട കൊട്ടാരം എന്ന് വിശേഷിപ്പിച്ചത് ഏത് കൊട്ടാരത്തെയാണ് ?**

- A. സുലൈമാൻ നബിയുടെ കൊട്ടാരത്തെ
- B. ബൽഖീസ് രാജ്ഞ്ഞിയുടെ കൊട്ടാരത്തെ
- C. ആസ്യ ബീവി റബ്ബിനോട് തേടിയ കൊട്ടാരത്തെ
- D. മൂസാ നബി കുട്ടിക്കാലം ചിലവഴിച്ച കൊട്ടാരത്തെ

**138) അതഅതൂനൽ ഫാഹിഷ ' أَتَأْتُونَ ٱلْفَـٰحِشَةَ എന്നതിന്റെ കൃത്യമായ മലയാളം ആശയം എന്താണ് ?**

- A. നിങ്ങൾ മ്ലേച്ഛത ആഗ്രഹിക്കുകയാണോ ?
- B. നിങ്ങൾ നീച പ്രവർത്തിക്ക് കൂട്ട് നിൽക്കുകയാണോ ?
- C. നിങ്ങൾ മ്ലേച്ഛമായതിനെ പുൽകുകയാണോ ?
- D. നിങ്ങൾ നീചവൃത്തിക്ക് ചെല്ലുകയാണോ ?

**139) അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ പറ്റി ഏതാനും വചനങ്ങളിൽ പരാമർശിച്ചപ്പോൾ അവയ്ക്ക് ഒത്ത വിശേഷണങ്ങളെയും കൂടെ പരാമർശിച്ചു കാണുന്നു. താഴെ നൽകിയതിൽ ഏത് അനുഗ്രഹത്തിനാണ് വചനത്തിൽ പരാമർശിക്കാത്ത വിശേഷണം നൽകിയിട്ടുള്ളത് ?**

- A. തോട്ടങ്ങൾ - കൗതുകമുള്ളത്
- B. കാറ്റ് - സന്തോഷ വാർത്ത
- C. ഭൂമി - ഭവനം
- D. ആകാശം - അഴകുള്ളത്

**140) താഴെ നൽകിയതിൽ ആയത്തിന്റെ അർത്ഥമല്ലാത്തത് ഏതാണ് ?**

A. നിശ്ചയമായും നിന്റെ റബ്ബ് മനുഷ്യരുടെ മേൽ അനുഗ്രഹമുള്ളവനത്രെ

B. നിന്റെ റബ്ബ് അവരുടെ ഹൃദയങ്ങൾ ഗോപ്യമാക്കുന്നതും അവർ പരസ്യമാക്കുന്നതും അറിയുന്നു

C. കരയിലും കടലിലും മറഞ്ഞു കിടക്കുന്ന യാതൊരു കാര്യവും തന്നെ സ്പഷ്ടമായ ഒരു ഗ്രന്ഥത്തിൽ ഉൾപ്പെടാതെയില്ല

D. നിന്റെ റബ്ബ് അവർക്കിടയിൽ തന്റെ വിധി നിയമം കൊണ്ടു തീർപ്പ് കൽപ്പിക്കുന്നതാണ്

### 141) വിശ്വസിക്കുന്ന ജനങ്ങൾക്ക് ദൃഷ്ടാന്തമുണ്ട് എന്നിങ്ങനെ അവസാനിപ്പിക്കുന്ന ഒരു വചനത്തിൽ അല്ലാഹുവിന്റെ രണ്ട് ദൃഷ്ടാന്തങ്ങൾ പറയുന്നുണ്ട്. അവ ഏതെല്ലാം ?

A. ആകാശവും ഭൂമിയും

B. മഴയും തോട്ടങ്ങളും

C. പകലും രാത്രിയും

D. കാർമേഘവും പർവ്വതങ്ങളും

### 142) താഴെ നൽകിയവയിൽ മൂസ(അ)യെ ഉദ്ദേശിക്കാത്ത പ്രയോഗമേത് ?

A. عَدُوًّا وَحَزَنًا

B. خَيْرٍ فَقِير

C. شَيْخٌ كَبِير

D. قُرَّتُ عَيْنٍ

### 143) തെറ്റയ പ്രസ്താവന തിരഞ്ഞെടുക്കുക

A. ഒരാൾ അയാളുടെ യൗവനത്തിൽ എത്തുമ്പോൾ (ബലഗൽ ഹുലും ) بَلَغَ الْحُلُمَ എന്ന് പറയും

B. അയാളുടെ ശാരീരികം ആയ ശക്തി, വളർച്ച എന്നിവ പൂർത്തി ആകുമ്പോൾ (ബലഗ അശുദ്ധഹു) بَلَغَ أَشُدَّهُ എന്ന് പറയും

C. അയാളുടെ ബുദ്ധിക്ക് പക്വത, പാകത എന്നിവ വരുമ്പോൾ (ഇസ്തവാ) اسْتَوَىٰ എന്ന് പറയും

D. (ബലഗ അശുദ്ധഹു) بَلَغَ أَشُدَّهُ എന്നത് 18 വയസ്സിനും 30 വയസ്സിനും ഇടക്കാണെന്നും 30 വയസ്സിനും 40 വയസ്സിനും ഇടക്കാണെന്നും അഭിപ്രായമുണ്ട്

### 144) താഴെ നൽകിയവയിൽ ആയത്തിൽ പരാമർശിക്കാത്ത വാചകമാണ് ............

A. അദ്ദേഹത്തെ വിളിക്കുവാൻ അവരിൽ ഒരുവളെ അയച്ചു

B. ആ രണ്ടിൽ ഒരുവൾ ലജ്ജാഭാവത്തോടെ നടന്നു വന്നു

C. താങ്കൾക്കു പ്രതിഫലം നൽകുന്നതിനായി എന്റെ പിതാവു താങ്കളെ വിളിക്കുന്നുണ്ട്

D. അദ്ദേഹത്തിനു തന്റെ കഥ വിവരിച്ചുകൊടുത്തു

**145) സത്യത സ്ഥാപിക്കുന്ന സഹായി ആരാണ് ?**

A. മൂസ (അ)

B. റൂഹ്ൽ ഖുദുസ് ജിബ്രീൽ (അ)

C. ശുഐബ് (അ)

D. ഹാറൂൻ (അ)

**146) ചിലർക്ക് രണ്ടു തവണ പ്രതിഫലം നൽകപെടുന്നതാണ് ; കൂട്ടത്തിൽ പെടാത്തത് ഏത് ?**

A. ഒരാൾ അടിമയോടുള്ള ബാധ്യത നിറവേറ്റി , പിന്നീട് മോചിപ്പിച്ചു കൊണ്ട് അയാൾക്ക് സ്വതന്ത്ര സ്ത്രീയെ വിവാഹം ചെയ്തു കൊടുത്തു.

B. ഒരാൾ അടിമ സ്ത്രീയെ നല്ല മര്യാദ പഠിപ്പിച്ചു, പിന്നീട് അവളെ സ്വാതന്ത്രയാക്കി വിവാഹം ചെയ്തു

C. ഒരു അടിമ അല്ലാഹുവിനോടും തന്റെ യജമാനനോടും ബാധ്യത നിറവേറ്റി

D. വേദക്കാരനായ ഒരാൾ പിന്നീട് ഖുർആനിലും വിശ്വസിച്ചു

**147) ആരായിരുന്നു ഖാറൂൻ ? (യോജിക്കാത്തത് കണ്ടെത്തുക)**

A. ഇസ്രാഈൽ വിഭാഗത്തിൽ പെട്ടവനായിരുന്നു

B. മൂസാ(അ) നബിയുടെ കടുത്ത ശത്രുക്കളിൽ ഒരു പ്രധാനിയായിരുന്നു

C. മൂസാ(അ)യുടെ പിതൃവ്യപുത്രനായിരുന്നു

D. കടുത്ത ധിക്കാരിയും പ്രശസ്തിക്ക് വേണ്ടി കണക്കില്ലാതെ ധർമ്മം ചെയ്തവനുമായിരുന്നു

**148) താഴെ നൽകിയവയിൽ തിരുവചനങ്ങളിൽ പെടാത്തത് ഏത് ?**

A. യാതൊരു ദാനധർമ്മവും തന്നെ ധനത്തിൽ കുറവു വരുത്തുന്നതല്ല

B. മാപ്പു നൽകുന്നതു മൂലം ഏതൊരു അടിയാന്നും യോഗ്യതയല്ലാതെ അല്ലാഹു വർദ്ധിപ്പിക്കുന്നതല്ല

C. ഏതൊരുവനും വിനയം കാണിക്കുന്നതായാൽ അല്ലാഹു അവനെ ഉയർത്താതിരിക്കുന്നതല്ല

D. അഹംഭാവം എന്നാൽ കാര്യത്തോടു ന്യായം കാണിക്കലും ജനങ്ങളോടു കോപിക്കലുമാണ്

**149) ഫിർഔനിന്റെ അടുത്തേക്ക് പോകുന്ന മൂസാ നബിക്ക് അല്ലാഹു നൽകിയ ദൃഷ്ടാന്തങ്ങളുടെ എണ്ണം ........ ?**

A. ഒൻപത് ദൃഷ്ടാന്തങ്ങൾ

B. ഏഴ് ദൃഷ്ടാന്തങ്ങൾ

- C. അഞ്ച് ദൃഷ്ടാന്തങ്ങൾ
- D. രണ്ട് ദൃഷ്ടാന്തങ്ങൾ

**150) അല്ലാഹുവിന്റെ ഭാഗത്ത് നിന്നുള്ള പ്രചോദനത്തിനു വേണ്ടി പ്രാർത്ഥിച്ച പ്രവാചകൻ ആരാണ് ?**

- A. ദാവൂദ് നബി (അ)
- B. സുലൈമാൻ നബി(അ)
- C. മൂസാ നബി(അ)
- D. ശുഐബ് നബി(അ)

**151) തെറ്റായ ഉത്തരം തെരഞ്ഞെടുക്കുക ; നിശ്ചയമായും രാജാക്കൾ ഒരു രാജ്യത്തിൽ പ്രവേശിച്ചാൽ അവർ ............**

- A. അവർ രാജ്യത്തെ നാശപ്പെടുത്തും
- B. നാട്ടിലെ പ്രതാപശാലികളെ നിന്ദ്യന്മാരാക്കും
- C. നാട്ടുകാരെ പ്രതാപികളാക്കും
- D. പ്രധാനികളുടെ നേരെ കൈയേറ്റം നടത്തും

**152) ബൽഖീസ് ഇസ്‌ലാം സ്വീകരിച്ചതുമായി ബന്ധപ്പെട്ട് ഖുർആനിനനോട് യോജിച്ചു നിൽക്കുന്നതെന്ത് ?**

- A. ബൽഖീസ് കൊട്ടാരത്തിൽ വെച്ച് സുലൈമാൻ നബിയോടൊപ്പമാണ് ഇസ്‌ലാം സ്വീകരിച്ചത്
- B. സുലൈമാൻ നബിയുടെ കൊട്ടാരത്തിലേക്ക് വരുന്നതിന് മുമ്പ് തന്നെ ബൽഖീസ് ഇസ്‌ലാം സ്വീകരിച്ചിരുന്നു
- C. ബൽഖീസ് കീഴൊതുങ്ങി കൊണ്ട് വരികയും പിന്നീട് ഇസ്‌ലാം സ്വീകരിക്കുകയും ചെയ്തതിനാലാണ് മുസ്‌ലിമായി എന്നത് രണ്ട് പ്രാവശ്യം ആവർത്തിച്ചു പറഞ്ഞത്
- D. ബൽഖീസ് യഥാർത്ഥത്തിൽ ഇസ്‌ലാം സ്വീകരിച്ചിരുന്നില്ല , എന്നാൽ എല്ലാ നിലക്കും സുലൈമാൻ നബിക്ക് കീഴൊതുങ്ങിയിരുന്നു

**153) നിങ്ങൾ നിങ്ങളുടെ .............. ദുഷ് പ്രവർത്തി ചെയ്യുകയും ചെയ്യുന്നു ?**

- A. വീടുകളിൽ വെച്ച്
- B. ആളുകളുടെ അടുത്ത് വെച്ച്
- C. സദസിൽ വെച്ച്
- D. കണ്മുന്നിൽ വെച്ച്

**154) അല്ലാഹുവിന്റെ കൂടെ വല്ല ഇലാഹും ഉണ്ടോ പാഠഭാഗത്ത് ആവർത്തിക്കുന്ന ഈ ചോദ്യങ്ങൾക്ക് ശേഷം അവിശ്വാസികൾക്ക് ചേരുന്ന ചില യാഥാർഥ്യങ്ങൾ അള്ളാഹു വിളിച്ചു പറയുന്നുണ്ട് . അവയിൽ ഉൾപ്പെടുന്നത് ഏതാണ് ?**

- A. അധികം ആളുകളും ആലോചിക്കുന്നില്ല
- B. അള്ളാഹു ഏറെ പരിശുദ്ധനാണ്
- C. ആകയാൽ , നിങ്ങൾ സത്യം മറച്ചു വെക്കുന്നവർ തന്നെ
- D. അവർ സൃഷ്ടിപ്പ് നടത്തി കാണിച്ചു തരട്ടെ

**155) വിശുദ്ധ ഖുർആൻ ഇസ്രായേൽ സന്തതികൾക്ക് എന്ത് പ്രയോജനമാണ് നൽകുന്നതെന്നാണ് വചനത്തിൽ പ്രസ്താവിക്കുന്നത് ?**

- A. അവർക്ക് അവരുടെ വേദ ഗ്രന്ഥത്തിലുള്ള സംശയങ്ങളെ ദൂരീകരിക്കാൻ സാധിക്കുന്നു
- B. അവർ ഭിന്നഭിപ്രായം വെച്ച് കൊണ്ടിരിക്കുന്ന വിഷയത്തിൽ മിക്കതിനെയും യഥാർത്ഥ രൂപത്തിൽ വിവരിച്ചു കൊടുക്കുന്നു
- C. അല്ലാഹുവിന്റെ ഏറ്റവും സാമീപ്യം സിദ്ദിച്ചവർ അവരാണെന്ന അവരുടെ വാദത്തെ വിശുദ്ധ ഖുർആൻ അംഗീകരിക്കുന്നു
- D. ഇസ്രായേൽ സന്തതികൾക്ക് അവതരിപ്പിക്കപ്പെട്ട ഗ്രന്ഥത്തിലെ എല്ലാ കാര്യങ്ങളെയും ഖുർആൻ വിശദീകരിക്കുന്നു

**156) ഇടിമിന്നലോ മറ്റോ ഏറ്റ് പെട്ടന്ന് ബോധരഹിതമാകുന്നതിനും മരണമടയുന്നതിനും ഉപയോഗിക്കുന്ന വാക്കാണ് ............ ?**

- A. നഫ്ഖത്ത് نَفْخَةٌ
- B. സൂർ صُور
- C. സ്വയിഹത്ത് صَيْحَة
- D. സ്വഇഖ صَعِق